TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




## VALUE ADDED POINTS

## 02.07.2025


7845 89 44 92
8590 57 5710
veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS

## STUDY NOTES 02.07.2025

## Kerala

- അടുത്തിടെ കേൾവി പരിമിതരായ സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേകം പാഠപുസ്തകം തയ്യാറാക്കിയ സംസ്ഥാനം

  **കേരളം**

  - ഇന്ത്യയിലാദ്യമായാണ് ഇങ്ങനെയൊരു നേട്ടം

## Awards

- **ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ 2025**
  - മികച്ച ചിത്രം - **അങ്കമ്മാൾ** (സംവിധാനം - വിപിൻ രാധാകൃഷ്ണൻ)
  - മികച്ച സംവിധാനം - **റിമ ദാസ്** (വില്ലേജ് റോക്ക്സ്റ്റാർസ് 2)
  - മികച്ച നടൻ - **നവാസുദ്ദീൻ സിദ്ദീഖി** (I'm Not An Actor)
  - മികച്ച നടി - **ഷർമിള ടാഗോർ** (The Ancient)
- 2025-ൽ സുകുമാർ അഴീക്കോട് സ്മാരക ദേശീയ ട്രസ്റ്റിന്റെ അവാർഡിന് അർഹനായത്

  **ഷാജി പ്രഭാകരൻ** (പ്രമുഖ ന്യൂറോളജിസ്റ്റ്, എഴുത്തുകാരൻ)

  - സമ്മാനത്തുക - 50000 രൂപ

## National

- ദേശീയ മഞ്ഞൾ ബോർഡിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്

  **നിസാമാബാദ്** (തെലങ്കാന)

  - കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ആസ്ഥാനം ഉദ്ഘാടനം ചെയ്തു.
  - 2025 ജനുവരിയിലാണ് മഞ്ഞൾ ബോർഡ് നിലവിൽ വന്നത്
  - ചെയർമാൻ - **പല്ലെ ഗംഗാ റെഡ്ഡി**
- അടുത്തിടെ ശക്തമായ സ്ഫോടനമുണ്ടായ സിഗാച്ചി ഫാർമ കമ്പനി സ്ഥിതി ചെയ്യുന്നത്

  **തെലങ്കാന**

  - ഏകദേശം 40-ഓളം പേർ ദുരന്തത്തിൽ മരിച്ചു.
- പണപ്പെരുപ്പം, വ്യാവസായിക ഉത്പാദന വിവരങ്ങൾ, മൊത്തം ആഭ്യന്തര ഉത്പാദനം തുടങ്ങി ഇന്ത്യയുടെ ഔദ്യോഗിക കണക്കുകൾക്കായി അവതരിപ്പിച്ച പുതിയ ആപ്പ്

  **ജി.ഒ.ഐ. സ്റ്റാറ്റ്സ്**

  - കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സാംപിൾ സർവേ ഓഫീസാണ് ആപ്പ് പുറത്തിറക്കിയത്.
- മൊബൈൽ ഫോണിലൂടെ ഇ-വോട്ട് രേഖപ്പെടുത്തിയ ആദ്യ സംസ്ഥാനം

  **ബിഹാർ**

## International

- അടുത്തിടെ പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ച രാജ്യം

  **ഫ്രാൻസ്**

- ലോകത്തിലാദ്യമായി AI റോബോട്ട് ഫുട്ബോൾ മാച്ച് നടന്നത്

  **ചൈന**

## Space

- അടുത്തിടെ GOSAT-GW എന്ന ഉപഗ്രഹം വിക്ഷേപിച്ച രാജ്യം

  **ജപ്പാൻ**

  - GOSAT-GW (Global Observing Satellite for Greenhouse Gases and Water Cycle)
  - കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹമാണിത്.
  - Ibuki GW എന്നും അറിയപ്പെടുന്നു
  - വിക്ഷേപണ വാഹനം - **H - IIA റോക്കറ്റ്**

## Sports

- **2025 യു.എസ്. ഓപ്പൺ ബാഡ്മിന്റൺ ജേതാക്കൾ**
  - പുരുഷ സിംഗിൾസ് - **ആയുഷ് ഷെട്ടി** (ഇന്ത്യ)

    (റണ്ണറപ്പ് - ബ്രയാൻ യങ് (കാനഡ)
  - വനിത സിംഗിൾസ് - **ബെയ് വെൻ ഷാങ്** (യു.എസ്.)

    (റണ്ണറപ്പ് - തൻവി ശർമ്മ (ഇന്ത്യ)
- അടുത്തിടെ അന്താരാഷ്ട്ര ഹോക്കിയിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ഹോക്കി താരം

  **ലളിത് കുമാർ ഉപാധ്യായ്**

  - 2020, 2024 ഒളിംപിക്സിൽ വെങ്കലം നേടിയ ഇന്ത്യൻ ഹോക്കി ടീമിൽ അംഗമായിരുന്നു.
  - അർജുന അവാർഡ് (2021) ലഭിച്ചിട്ടുണ്ട്.

## Today's MCQ

1. RAW യുടെ പുതിയ തലവൻ

   (a) വിക്രം മിശ്രി (b) പരാഗ് ജെയിൻ

   (c) രവി സിൻഹ (d) അജിത് ഡോവൽ

2. കേരളത്തിലെ അതി ദരിദ്രരില്ലാത്ത ആദ്യ ജില്ല

   (a) കൊല്ലം (b) കണ്ണൂർ

   (c) കോട്ടയം (d) കോഴിക്കോട്

**Ans : 1 (b), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 03.07.2025


7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 03.07.2025

## Kerala

- അടുത്തിടെ മമ്മൂട്ടിയുടെ ജീവചരിത്രം പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയത്

  **മഹാരാജാസ് കോളേജ്**

- 2024-25 വർഷം മലയാള സിനിമയിൽ നിന്നും ഏറ്റവും കൂടുതൽ ജി.എസ്.ടി നികുതി നൽകിയ നടൻ

  **മോഹൻലാൽ**

  - GST ദിനം – **ജൂലൈ 1**
  - GST നിലവിൽ വന്നത് - **2017 ജൂലൈ 1**

- പാമ്പ് കടി മൂലമുണ്ടാകുന്ന അത്യാഹിതങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ വനംവകുപ്പ് നടത്തുന്ന ബോധവത്കരണ പരിപാടി

  **സർപ്പ പാഠം പദ്ധതി**

- അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം അൻപത് ലക്ഷത്തിലെത്തിക്കാൻ ലക്ഷ്യമിടുന്ന കുടുംബശ്രീ കാമ്പയിൻ

  **50 പ്ലസ്**

## National

- റെയിൽവേയുടെ ടിക്കറ്റ് ബുക്കിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഏകോപിപ്പിച്ച് പുറത്തിറക്കിയ ആപ്പ്

  **റെയിൽവൺ**

  - സ്വറെയിൽ എന്ന പേരിൽ പരീക്ഷണാടിസ്ഥാനത്തിൽ കുറച്ചുപേർക്ക് ലഭ്യമാക്കിയിരുന്ന മൊബൈൽ ആപ്പാണ് റെയിൽവൺ എന്ന പേരിൽ ലഭ്യമാക്കുന്നത്.

- സുപ്രീം കോടതി നിയമനങ്ങളിൽ ആദ്യമായി SC, ST സംവരണം ഏർപ്പെടുത്തി.
  - SC - 15%, ST - 7.5% എന്നിങ്ങനെയാണ് സംവരണം
  - നിലവിലെ ($52^{nd}$) സുപ്രീം കോടതി ചീഫ് ജസ്റ്റിസ് - **ബി.ആർ. ഗവായ്**

- മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് സംശയ നിവാരണത്തിനും ടെലികൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾക്കുമായുള്ള ഓൺലൈൻ സംവിധാനം

  **ടെലി മാനസ്**

  - ടെലി മാനസിൽ ഇനി വീഡിയോ കോൾ സംവിധാനവും ലഭിക്കും.
  - ടെലി മാനസ് നമ്പർ 14416

- ഖേലോ ഭാരത് നീതി 2025 (ദേശീയ കായിക നയം 2025) കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചത്

  **2025 ജൂലൈ 1**

  - കേന്ദ്ര കായിക മന്ത്രി - **മൻസുഖ് മാണ്ഡവ്യ**

## International

- മലേറിയ മുക്തമായി പ്രഖ്യാപിക്കപ്പെട്ട ആമസോൺ മേഖലയിലെ ആദ്യ രാജ്യം

  **സുരിനാം**

## Space

- 2026 ജൂണിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്ര പുറപ്പെടുന്ന ഇന്ത്യൻ വംശജൻ

  **അനിൽ മേനോൻ**

  - എക്സ്പെഡിഷൻ 75 എന്ന ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര
  - റഷ്യയുടെ സോയുസ് എം.എസ്. 29 എന്ന പേടകത്തിലാണ് പുറപ്പെടുന്നത്.

- ശുഭാൻഷു ശുക്ല പേശികളെക്കുറിച്ച് ഗവേഷണം നടത്തി

  - ആക്സിയം 4 ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശ നിലയത്തിലെത്തിയ ശുഭാൻഷു ശുക്ല പേശികളെ കുറിച്ചുള്ള പഠനം നടത്തിയതിനോടൊപ്പം, മനുഷ്യന്റെ ദഹനേന്ദ്രിയ വ്യവസ്ഥ ബഹിരാകാശത്ത് എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുള്ള വീഡിയോയും ചിത്രീകരിച്ചു.
  - 2025 ജൂൺ 25-നാണ് ആക്സിയം 4 വിക്ഷേപിച്ചത്
  - അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യക്കാരനാണ് ശുഭാൻഷു ശുക്ല

## Defence

- 2025-ൽ കമ്മീഷൻ ചെയ്ത നാവികസേനയുടെ റഷ്യൻ നിർമിത യുദ്ധക്കപ്പൽ

  **ഐ.എൻ.എസ്. തമാൽ**

## Today's MCQ

1. ദേശീയ മഞ്ഞൾ ബോർഡിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്

   (a) നിസാമാബാദ് (b) പൂനെ

   (c) കോഴിക്കോട് (d) മുംബൈ

2. അടുത്തിടെ ശക്തമായ സ്ഫോടനമുണ്ടായ സിഗാച്ചി ഫാർമ കമ്പനി സ്ഥിതി ചെയ്യുന്നത്

   (a) ഒഡീഷ (b) ആന്ധ്രാപ്രദേശ്

   (c) കർണാടക (d) തെലങ്കാന

**Ans : 1 (a), 2 (d)**

# TALENT
PSC Academy

a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 04.07.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

# DAILY CURRENT AFFAIRS

## STUDY NOTES 04.07.2025

## Appointment

- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാൻ

  **പി. ജയരാജൻ**

  - വ്യവസായ മന്ത്രിയാണ് ചെയർമാൻ

## Kerala

- സംസ്ഥാനത്തെ ആദ്യ എ.ഐ. റോബോട്ടിക് ഗവേഷണ കേന്ദ്രം

  **സോഹോ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ**

  - കൊട്ടാരക്കരയിലാണ് സ്ഥാപിതമായത്
- സർക്കാർ പദവികളിൽ നിന്ന് ചെയർമാൻ എന്ന പദം നീക്കി.
  - ഭരണ പരിഷ്കാര വകുപ്പാണ് ഇത് സംബന്ധിച്ച് ഉത്തരവ് പുറത്തിറക്കിയിരിക്കുന്നത്.
  - സർക്കാർ രേഖകളിലും പദവികളിലും ലിംഗ നിഷ്പക്ഷമായ വാക്കുകൾ ഉപയോഗിക്കുന്നതിന്റെ ഭാഗമാണിത്.
  - ചെയർമാൻ എന്നതിന് പകരം ചെയർപേഴ്സൺ ഉപയോഗിക്കും.
- അടുത്തിടെ കേരള ടൂറിസത്തിന്റെ പരസ്യത്തിൽ ഉൾപ്പെട്ട ബ്രിട്ടീഷ് യുദ്ധ വിമാനം

  **F - 35B**

  - സാങ്കേതിക തകരാർ മൂലം അടിയന്തരമായി തിരുവനന്തപുരത്ത് ഇറക്കേണ്ടി വന്ന വിമാനമാണിത്.

## Award

- 2025-ൽ നരേന്ദ്ര മോദിക്ക് ലഭിച്ച ഘാനയുടെ പരമോന്നത ബഹുമതി

  **ദ ഓഫീസർ ഓഫ് ദ ഓർഡർ ഓഫ് ദ സ്റ്റാർ ഓഫ് ഘാന**

## National

- നഗരപ്രദേശങ്ങളിലെ ദരിദ്ര സ്ത്രീകളെ ശാക്തീകരിക്കുന്നതിന് ഡിജി ലക്ഷ്മി പദ്ധതി ആരംഭിച്ച സംസ്ഥാനം

  **ആന്ധ്രാപ്രദേശ്**

## International

- അടുത്തിടെ IAEA-യുമായുള്ള (ഇന്റർനാഷണൽ അറ്റോമിക് എനർജി ഏജൻസി) സഹകരണം അവസാനിപ്പിച്ച രാജ്യം

  **ഇറാൻ**

  - ഇറാൻ ആണവ നിർവ്യാപന ഉടമ്പടി ലംഘിച്ചെന്ന് IAEA ബോർഡ് പ്രഖ്യാപിച്ചതിന് പിന്നാലെ യാണ് ഇറാൻ സഹകരണം അവസാനിപ്പിക്കാൻ തീരുമാനിച്ചത്.
  - IAEA ആസ്ഥാനം - **വിയന്ന** (ഓസ്ട്രിയ)
  - അടുത്തിടെ ഇറാന്റെ ആണവകേന്ദ്രങ്ങളിൽ യു.എസ്. നടത്തിയ ആക്രമണം

    **ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമ്മർ**

- 2025 ജൂലൈ 2-നും 9-നും ഇടയിൽ മോദി സന്ദർശിക്കുന്ന വിദേശ രാജ്യങ്ങൾ

  **ഘാന, ട്രിനിഡാഡ് ആൻ്റ് ടൊബാഗോ, അർജൻ്റീന, ബ്രസീൽ, നമീബിയ**

  - ഈ യാത്രയ്ക്കിടയിൽ BRICS ഉച്ചകോടിയിലും പങ്കെടുക്കും.
  - 2025 ബ്രിക്സ് ഉച്ചകോടി ($17^{th}$) - **റിയോ ഡി ജനീറോ** (ബ്രസീൽ)

- 2025 ജൂലൈ മാസത്തിലെ റിപ്പോർട്ടുകൾ പ്രകാരം ഏറ്റവും കൂടുതൽ കോടീശ്വരന്മാരുള്ള നഗരം

  **ന്യൂയോർക്ക്**

  - ഇന്ത്യയിൽ ഒന്നാമത് - **മുംബൈ** (ലോകത്ത് 6-ാമത്)

- $24^{th}$ ഇൻ്റർനാഷണൽ മെൻ്റൽ ഹെൽത്ത് കോൺഫറൻസ് വേദി

  **തായ്‌ലൻ്റ്** (ബാങ്കോക്ക്)

  - ഈ കോൺഫറൻസിൽ വച്ച് Saima Wazed-ന് 2025-ലെ മെൻ്റൽ ഹെൽത്ത് അവാർഡ് നൽകി.
  - WHO യുടെ സൗത്ത് ഈസ്റ്റ് ഏഷ്യൻ റീജിയണൽ ഡയറക്ടറും ഷെയ്ഖ് ഹസീനയുടെ മകളുമാണ് **Saima Wazed**

## Science & Technology

- കരളിലെ കാൻസർ കണ്ടെത്താൻ സഹായിക്കുന്ന പേപ്പർ അധിഷ്ഠിത സെൻസർ സംവിധാനം വികസിപ്പിച്ചത്

  **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബാംഗ്ലൂർ**

  - ടെർബിയം എന്ന റെയർ എർത്ത് മെറ്റൽ ഉപയോഗിച്ചാണ് കണ്ടെത്തിയത്.

## Sports

- 2025-ൽ ജോർജിയയിൽ നടന്ന 8 മുതൽ 12 വരെയുള്ളവരുടെ ഫിഡെ ചെസ് ലോകകപ്പിൽ കിരീടം നേടിയ മലയാളി

  **ദിവി ബിജേഷ്**

- അടുത്തിടെ 'ക്യാപ്റ്റൻ കൂൾ' ട്രേഡ് മാർക്ക് ആക്കാൻ അപേക്ഷ നൽകിയ മുൻ ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ

  **മഹേന്ദ്രസിംഗ് ധോണി**

  - 2007 T20 ലോകകപ്പ്, 2011 ഏകദിന ലോകകപ്പ്, 2013 ചാമ്പ്യൻസ് ട്രോഫി എന്നിവ ഇന്ത്യ നേടിയപ്പോൾ ക്യാപ്റ്റൻ ഇദ്ദേഹമായിരുന്നു.

## Today's MCQ

1. 2024-25 വർഷം മലയാള സിനിമയിൽ നിന്നും ഏറ്റവും കൂടുതൽ ജി.എസ്.ടി നികുതി നൽകിയ നടൻ

   (a) പൃഥ്വിരാജ് (b) മമ്മൂട്ടി

   (c) സുരേഷ് ഗോപി (d) മോഹൻലാൽ

2. റെയിൽവേയുടെ ടിക്കറ്റ് ബുക്കിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഏകോപിപ്പിച്ച് പുറത്തിറക്കിയ ആപ്പ്

   (a) റെയിൽവൺ (b) ട്രാക്ക് റെയിൽ

   (c) റെയിൽസോൺ (d) അപ്നാ റെയിൽ

**Ans : 1 (d), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം..."




## VALUE ADDED POINTS

## 05.07.2025


7845 89 44 92
8590 57 5710
veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 05.07.2025

## Appointment

- ഖോ ഖോ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത്

**സുധാൻഷു മിത്തൽ**

  - ഇദ്ദേഹത്തിന്റെ പ്രസിഡന്റായിരിക്കുമ്പോഴാണ് പ്രഥമ ഖോ ഖോ വേൾഡ് കപ്പ് ഇന്ത്യയിൽ വച്ച് നടത്തിയത്.

## Kerala

- 2025 ഡിസംബറോടെ അന്താരാഷ്ട്ര ഉത്തരവാദിത്വ ടൂറിസം ഡെസ്റ്റിനേഷൻ ആകാൻ ഒരുങ്ങുന്ന വിനോദ സഞ്ചാര കേന്ദ്രം

**മൂന്നാർ**

- അടുത്തിടെ സമ്പൂർണ ഹരിത ഡെസ്റ്റിനേഷൻ പദവിയിലേക്ക് ഉയർത്താൻ തീരുമാനിച്ച പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രം

**നെല്ലിയാമ്പതി**

## National

- വെള്ളപ്പൊക്കം സംബന്ധിച്ച മുന്നറിയിപ്പ് രണ്ടു ദിവസം മുൻപ് നൽകാൻ സാധിക്കുന്ന വെബ് അടിസ്ഥാനമാക്കിയ പ്ലാറ്റ്ഫോം

**C - FLOOD**

  - കേന്ദ്ര ജൽ ശക്തി മന്ത്രി സി.ആർ. പാട്ടീൽ ഉദ്ഘാടനം ചെയ്തു.

- ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം ഇല്ലാതാക്കാൻ ലക്ഷ്യമിട്ട് പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ ഗരീബി മുക്ത് ഗാവ് യോജന ആരംഭിച്ച സംസ്ഥാനം

**രാജസ്ഥാൻ**

- അടുത്തിടെ മൻമോഹൻ സിംഗിന്റെ പേരിൽ പുനർ നാമകരണം ചെയ്യാൻ തീരുമാനിച്ച യൂണിവേഴ്സിറ്റി

**ബാംഗ്ലൂർ സിറ്റി യൂണിവേഴ്സിറ്റി**

  - ഡോ. മൻമോഹൻ സിംഗ് ബംഗളൂരു സിറ്റി യൂണിവേഴ്സിറ്റി എന്നാണ് പുതിയ പേര്
  - 2024 ഡിസംബർ 26-നാണ് മൻമോഹൻ സിംഗ് അന്തരിച്ചത്.

## International

- അടുത്തിടെ അപൂർവ ധാതുക്കളുടെ ലഭ്യതയുറപ്പാക്കാൻ ക്വാഡ് തുടക്കം കുറിച്ച സംരംഭം

**ക്രിട്ടിക്കൽ മിനറൽ ഇൻഷിയേറ്റീവ്**

  - ജപ്പാൻ, യു.എസ്. ഓസ്ട്രേലിയ, ഇന്ത്യ എന്നിവരാണ് ക്വാഡ് രാജ്യങ്ങൾ
  - 2025 ക്വാഡ് വിദേശ കാര്യമന്ത്രിമാരുടെ സമ്മേളനം നടന്നത് – വാഷിങ്ടൺ

- അടുത്തിടെ ബിഗ് ബ്യൂട്ടിഫുൾ ബിൽ പാസാക്കിയ രാജ്യം

  **അമേരിക്ക**

- അടുത്തിടെ സസ്പെൻഡ് ചെയ്യപ്പെട്ട തായ്‌ലന്റ് പ്രധാനമന്ത്രി

  **Paetongtarn Shinawatra**

## Sports

- അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ ഒരു ഇന്ത്യൻ ക്യാപ്റ്റന്റെ ഏറ്റവും ഉയർന്ന സ്കോർ നേടിയത്

  **ശുഭ്മാൻ ഗിൽ** (269)

  - ഇംഗ്ലണ്ടിൽ ഒരു ഇന്ത്യൻ ബാറ്ററുടെ ഏറ്റവും ഉയർന്ന സ്കോർ, ഇംഗ്ലണ്ടിൽ ഡബിൾ സെഞ്ചുറി നേടിയ ആദ്യ ഇന്ത്യൻ ക്യാപ്റ്റൻ എന്നീ നേട്ടങ്ങളും ഗിൽ സ്വന്തമാക്കി.

## Demise

- 2025 ജൂലൈയിൽ കാറപകടത്തിൽ അന്തരിച്ച പോർച്ചുഗീസ് ഫുട്ബോൾ താരം

  **ദിയോഗോ ജോട്ട**

  - ക്ലബ്ബ് ഫുട്ബോളിൽ ലിവർപൂളിന്റെ താരമായിരുന്നു.

- 2025 ജൂലൈയിൽ അന്തരിച്ച ഹോളിവുഡ് നടൻ

  **മൈക്കൽ മാഡ്സൻ**

## Today's MCQ

1. 2025 ജൂലൈ മാസത്തിലെ റിപ്പോർട്ടുകൾ പ്രകാരം ഏറ്റവും കൂടുതൽ കോടീശ്വരന്മാരുള്ള നഗരം

   (a) ബാങ്കോക്ക് (b) ബീജിംഗ്

   (c) ന്യൂയോർക്ക് (d) ലണ്ടൻ

2. നഗരപ്രദേശങ്ങളിലെ ദരിദ്ര സ്ത്രീകളെ ശാക്തീകരിക്കുന്നതിന് ഡിജി ലക്ഷ്മി പദ്ധതി ആരംഭിച്ച സംസ്ഥാനം

   (a) ഒഡീഷ (b) ആന്ധ്രാപ്രദേശ്

   (c) തെലങ്കാന (d) ഗുജറാത്ത്

**Ans : 1 (c), 2 (b)**

# TALENT PSC Academy

a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 06.07.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 06.07.2025

## Kerala

- തിരുവനന്തപുരം വിമാനത്താവളത്തിൽ പറന്നിറങ്ങിയ F 35B യുദ്ധവിമാനം തിരികെ കൊണ്ടുപോകാൻ എത്തുന്ന വിമാനം

**സി 130 ഹെർക്കുലിസ്**

  - ബ്രിട്ടണിൽ നിന്നുമാണ് വിമാനമെത്തുന്നത്
  - തകരാർ പരിഹരിക്കാനായില്ലെങ്കിൽ ചരക്കുവിമാനത്തിൽ കൊണ്ടുപോകും

- തിരുവനന്തപുരം നഗരത്തിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്താനായി നിലവിൽ വന്ന എ.ഐ. സംവിധാനം

**ശുചിത്വ ഐ**

  - കാസർകോഡ് എൽ.ബി.എസ്. എൻജിനീയറിങ് കോളേജും പൂജപ്പുര വനിതാ എനർജിനീയറിങ് കോളേജും ചേർന്നാണ് സംവിധാനം ഒരുക്കിയത്.

## Awards

- 2025-ൽ റോബർട്ട് ഓവൻ സഹകരണ പുരസ്കാരത്തിന് അർഹനായത്

**പി.എ. ഉമ്മർ**

  - സംസ്ഥാനത്തെ മികച്ച സഹകാരിക്കുള്ള പുരസ്കാരമാണിത്.
  - കേരള സംസ്ഥാന സഹകരണ ബാങ്ക് മുൻ പ്രസിഡന്റാണ് ഇദ്ദേഹം.
  - എല്ലാ വർഷവും ജൂലൈ ആദ്യ ശനി അന്താരാഷ്ട്ര സഹകരണ ദിനമായി ആചരിക്കും.
  - അന്താരാഷ്ട്ര സഹകരണ വർഷമായി ആചരിക്കുന്നത് - **2025**

- 2025 ജൂലൈയിൽ ട്രിനിഡാഡ് ആന്റ് ടൊബാഗോയുടെ പരമോന്നത സിവിലിയൻ ബഹുമതി ലഭിച്ചത്

**നരേന്ദ്രമോദി**

  - ഓർഡർ ഓഫ് ദി റിപ്പബ്ലിക് ഓഫ് ട്രിനിഡാഡ് ആന്റ് ടൊബാഗോ എന്ന ബഹുമതിയാണ് ലഭിച്ചത്
  - ഈ നേട്ടം സ്വന്തമാക്കിയ ആദ്യ വിദേശ നേതാവാണ് മോദി
  - പ്രധാനമന്ത്രി ആയതിനുശേഷം നരേന്ദ്രമോദി ആദ്യമായാണ് ട്രിനിഡാഡ് ആന്റ് ടൊബാഗോ സന്ദർശിക്കുന്നത്

## National

- നാവികസേനയിൽ യുദ്ധവിമാന പൈലറ്റാകാൻ പരിശീലനം നേടിയ ആദ്യ വനിത

**ആസ്ത പുനിയ**

  - വിശാഖപട്ടണം INS ദേഗയിലായിരുന്നു പരിശീലനം
  - ഉത്തർപ്രദേശ് സ്വദേശിനി
  - നാവികസേനയിലെ യുദ്ധവിമാനങ്ങൾ പറത്തുന്ന ആദ്യ വനിതയെന്ന ബഹുമതി ആസ്ത പുനിയയെ തേടിയെത്തും.

- ഇന്ത്യയിലെ ആദ്യ ഗ്രീൻ ഡാറ്റാ സെന്റർ നിലവിൽ വരുന്നത്

  **ഗാസിയാബാദ്** (ഉത്തർപ്രദേശ്)

  - 2027 ആകുമ്പോഴേക്കും നിലവിൽ വരും
  - ഉത്തർപ്രദേശ് മുഖ്യമന്ത്രി - **യോഗി ആദിത്യനാഥ്**

## Book & Author

- Mujib's Blunders എന്ന പുസ്തകമെഴുതിയത്

  **മനാഷ് ഘോഷ്**

## Sports

- പോർച്ചുഗൽ താരം ദിയോഗോ ജോട്ടയുടെ ഓർമ്മയ്ക്കായ് ഇരുപതാം നമ്പർ ജേഴ്സി വിരമിക്കുകയാണെന്ന് പ്രഖ്യാപിച്ച ക്ലബ്

  **ലിവർപൂൾ**

  - അടുത്തിടെ ഒരു കാറപകടത്തിൽ അദ്ദേഹം അന്തരിച്ചിരുന്നു.
  - ഇതേ തുടർന്നാണ് ഇരുപതാം നമ്പർ ജേഴ്സി ഇനി ആർക്കും നൽകില്ല എന്ന് തീരുമാനിച്ചത്

- 2025-ൽ സാഗ്രെബിൽ നടന്ന ഗ്രാന്റ് ചെസ്സ് ടൂർ റാപിഡ് വിഭാഗം കിരീടം നേടിയത്

  **ഗുകേഷ് D**

## Defence

- അടുത്തിടെ ഇന്ത്യൻ തീരസംരക്ഷണ സേനയുടെ ഭാഗമായി ഉൾപ്പെടുത്തിയ അതിവേഗ പട്രോൾ കപ്പൽ

  **ആദമ്യ**

  - ഇന്ത്യൻ കോസ്റ്റ് ഗാർഡിനായി ഗോവ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന എട്ട് കപ്പലുകളിൽ ആദ്യത്തേതാണിത്

## Today's MCQ

1. ഖോ ഖോ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത്

   (a) റോജർ ബിന്നി (b) കല്യാൺ ചൗബേ

   (c) കിപ അജയ് (d) സുധാൻഷു മിത്തൽ

2. അടുത്തിടെ അപൂർവ ധാതുക്കളുടെ ലഭ്യതയുറപ്പാക്കാൻ ക്വാഡ് തുടക്കം കുറിച്ച സംരംഭം

   (a) ക്വാഡ് മിനറൽ ഇൻഷിയേറ്റീവ് (b) ക്രിട്ടിക്കൽ മിനറൽ ഇൻഷിയേറ്റീവ്

   (c) ക്വാഡ് മിനറൽ ഗ്രൂപ്പ് (d) ക്രിട്ടിക്കൽ മിനറൽ ഗ്രൂപ്പ്

**Ans : 1 (d), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




## VALUE ADDED POINTS

## 07.07.2025
## 08.07.2025


7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS

## STUDY NOTES 07.07.2025 - 08.07.2025

## Kerala

- 2025-2026 അധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വേദി

  **തൃശൂർ**

  - കായികമേള – **തിരുവനന്തപുരം**
  - ശാസ്ത്രമേള – **പാലക്കാട്**
  - 2024-2025-ലെ സ്കൂൾ കലോത്സവം തിരുവനന്തപുരത്ത് നടന്നു (കിരീടം നേടിയത് – തൃശൂർ)

- കേരളത്തിലെ ആദ്യ സ്കിൻ ബാങ്ക് നിലവിൽ വരുന്നത്

  **തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ്**

  - 2025 ജൂലൈ 15-ന് ഉദ്ഘാടനം ചെയ്യും
  - ജൂലൈ 15 – ലോക പ്ലാസ്റ്റിക് സർജറി ദിനം

## Awards

- 2025-ൽ നരേന്ദ്ര മോദിക്ക് 'കീ ടു ദ സിറ്റി' ബഹുമതി നൽകി ആദരിച്ച അർജന്റീനയിലെ നഗരം

  **ബ്യൂണസ് ഐറിസ്**

- Hollywood Walk of Fame Star അംഗീകാരം നേടിയ ആദ്യ ഇന്ത്യൻ ചലച്ചിത്ര നടി

  **ദീപിക പദുക്കോൺ**

  - ഫിഫ ലോകകപ്പ് ട്രോഫി അനാഛാദന ചടങ്ങിൽ പങ്കെടുത്ത ആദ്യ ഇന്ത്യൻ നടിയും ദീപിക പദുക്കോൺ
  - 2023 ഓസ്കാർ അവാർഡ്സിൽ അവതാരകരിൽ ഒരാളായിരുന്നു.

## National

- ഇന്ത്യയിലെ ആദ്യ സഹകരണ സർവകലാശാല

  **ത്രിഭുവൻ സഹകാരി വിശ്വവിദ്യാലയം**

  - കേന്ദ്ര ആഭ്യന്തര, സഹകരണ വകുപ്പ് മന്ത്രി അമിത് ഷാ തറക്കല്ലിട്ടു.
  - ഗുജറാത്തിലെ ആനന്ദിലാണ് നിലവിൽ വരുന്നത്

- ഇന്ത്യയിലാദ്യമായി QR അധിഷ്ഠിത ഡിജിറ്റൽ അഡ്രസ്സ് സിസ്റ്റം ആരംഭിച്ച നഗരം

  **ഇൻഡോർ**

- അന്താരാഷ്ട്ര മയക്കുമരുന്ന് സംഘത്തെ പിടികൂടാൻ നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ ആരംഭിച്ച ഓപ്പറേഷൻ

**ഓപ്പറേഷൻ മെഡ് മാക്സ്**

## International

- അടുത്തിടെ ദ അമേരിക്കൻ പാർട്ടി എന്ന രാഷ്ട്രീയ പാർട്ടി പ്രഖ്യാപിച്ചത്

**ഇലോൺ മസ്ക്**

  - ടെസ്‌ല, സ്പെയ്സ് എക്സ് എന്നിവയുടെ CEO ആണ്.
  - DOGE-ന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷൻസി) മുൻ മേധാവി ആയിരുന്നു ഇദ്ദേഹം.
  - നിലവിൽ അമേരിക്ക ഭരിക്കുന്ന പാർട്ടി - **റിപ്പബ്ലിക്കൻ പാർട്ടി**

- അഫ്ഗാനിസ്ഥാനിലെ താലിബാൻ സർക്കാരിനെ ഔദ്യോഗികമായി അംഗീകരിച്ച ആദ്യ രാജ്യം

**റഷ്യ**

  - 2021 മുതൽ അഫ്ഗാനിസ്ഥാൻ നിയന്ത്രിക്കുന്നത് താലിബാനാണ്.
  - താലിബാന്റെ അഫ്ഗാൻ അധിനിവേശ സമയത്ത് അവിടെ കുടുങ്ങിയ ഇന്ത്യൻ പൗരന്മാരെയും വിദേശ പൗരന്മാരെയും രക്ഷപ്പെടുത്താൻ ഇന്ത്യ നടത്തിയ രക്ഷാദൗത്യം **ഓപ്പറേഷൻ ദേവി ശക്തി**

## Space

- ജർമ്മൻ ബഹിരാകാശ സ്റ്റാർട്ടപ്പായ ദി എക്സ്പ്ലൊറേഷൻ കമ്പനിയുടെ (ടി.ഇ.സി.) മിഷൻ പോസിബിൾ പരാജയപ്പെട്ടു.
  - ഈ ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശത്തേക്കയച്ച നിക്സ് പേടകം തകർന്നു വീണു.
  - മരിച്ചവരുടെ ചിതാഭസ്മം ബഹിരാകാശത്ത് എത്തിക്കുകയും ഭൂമിയെ വലംവെച്ച ശേഷം തിരിച്ചെത്തിക്കുകയുമായിരുന്നു ലക്ഷ്യം.
  - 2025 ജൂൺ 23-നാണ് ദൗത്യം വിക്ഷേപിച്ചത്.

## Sports

- 2025-ൽ നടന്ന നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോയിൽ കിരീടം നേടിയത്

**നീരജ് ചോപ്ര**

  - 86.18 മീറ്റർ എറിഞ്ഞാണ് കിരീടം നേടിയത്
  - വേദി - **ബംഗളൂരു**

- U-19 ഏകദിന ക്രിക്കറ്റിൽ ഏറ്റവും വേഗതയേറിയ സെഞ്ചുറി നേടിയ താരം

**വൈഭവ് സൂര്യവംശി**

  - U-19 ഏകദിന ക്രിക്കറ്റിൽ സെഞ്ചുറി നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരവും വൈഭവാണ്.

- IPL-ൽ സെഞ്ചുറി നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന നേട്ടവും വൈഭവിന്റെ പേരിലാണ്

◆ **കേരള ക്രിക്കറ്റ് ലീഗ് താര ലേലം 2025**

- ഏറ്റവും വില കൂടിയ താരം - **സഞ്ജു സാംസൺ** (26.80 ലക്ഷം) (കൊച്ചി ബ്ലൂ ടൈഗേഴ്സ്)
- വിഷ്ണു വിനോദിനെ 12.8 ലക്ഷത്തിന് ഏരീസ് കൊല്ലം സെയിലേഴ്സ് സ്വന്തമാക്കി.
- ജലജ് സക്സേനയെ 12.40 ലക്ഷത്തിന് ആലപ്പി റിപ്പിൾസ് സ്വന്തമാക്കി.
- ലേലം നടത്തിയത് - **ചാരു ശർമ്മ**

◆ 2025 വേൾഡ് പോലീസ് & ഫയർ ഗെയിംസ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത്

**അമേരിക്ക**

- രണ്ടാമത് - **ബ്രസീൽ**
- മൂന്നാമത് - **ഇന്ത്യ**
- വേദി - **അമേരിക്ക**

## Today's MCQ

1. തിരുവനന്തപുരം വിമാനത്താവളത്തിൽ പറന്നിറങ്ങിയ F 35B യുദ്ധവിമാനം തിരികെ കൊണ്ടുപോകാൻ എത്തുന്ന വിമാനം

   (a) സി 130 ഹെർക്കുലിസ് (b) ബോയിംഗ് സി - 17 ഗ്ലോബ് മാസ്റ്റർ

   (c) ലോക്ക്ഹീഡ് സി - 5 ഗ്യാലക്സി (d) എയർബസ് A400 M അറ്റ്ലസ്

2. തിരുവനന്തപുരം നഗരത്തിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്താനായി നിലവിൽ വന്ന എ.ഐ. സംവിധാനം

   (a) ഹരിത എ.ഐ (b) ശുചിത്വ ഐ

   (c) മുക്ത ഐ (d) വിമുക്തി എ.ഐ

**Ans : 1 (a), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 09.07.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 09.07.2025

## Kerala

- സ്കൂൾ പരിസരങ്ങളിലെ അക്രമങ്ങൾ, അനധികൃത വാഹന ഉപയോഗം, ലഹരി ഉപയോഗം എന്നിവ തടയുന്നതിനായി മലപ്പുറം ജില്ലാ പോലീസ് ആരംഭിച്ച പരിശോധന

  **ഓപ്പറേഷൻ ലാസ്റ്റ്ബെൽ**

## Appointment

- 2025-ൽ ICC യുടെ (ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ) സി.ഇ.ഒ ആയി നിയമിതനായത്

  **Sanjog Gupta**

  - ICC യുടെ 7-ാമത്തെ സി.ഇ.ഒ.
  - ICC നിലവിലെ ചെയർമാൻ - ജയ്ഷാ

- സുരിനാമിന്റെ പുതിയ പ്രസിഡന്റ്

  **Jennifer Simons**

  - സുരിനാമിന്റെ പ്രസിഡന്റാകുന്ന ആദ്യ വനിത കൂടിയാണ് Jennifer Simons

## National

- ക്ഷയരോഗ മരണപ്രവചന മാതൃക നടപ്പിലാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം

  **തമിഴ്നാട്**

## International

- 2026 (18th) BRICS ഉച്ചകോടി വേദി

  **ഇന്ത്യ**

  - ഇന്ത്യ വേദിയാകുന്നത് നാലാം തവണ (ഇതിന് മുമ്പ് 2012, 2016, 2021)
  - 2025 വേദി - **റിയോ ഡി ജനീറോ (ബ്രസീൽ)**

- അടുത്തിടെ മിന്നൽ പ്രളയമുണ്ടായ അമേരിക്കൻ സ്റ്റേറ്റ്

  **ടെക്സസ്**

  - ഗ്വാഡലൂപ് നദിയിലെ ജലനിരപ്പ് ഉയർന്നതിനാലാണ് പ്രളയമുണ്ടായത്

- ഗർഭിണിയാകുന്ന സ്കൂൾ വിദ്യാർത്ഥിനികൾക്ക് പ്രസവചെലവിനും ശിശുപരിപാലനത്തിനും പ്രതിഫലം പ്രഖ്യാപിച്ച രാജ്യം

  **റഷ്യ**

- 2025 ജൂലൈയിൽ ന്യൂ ഡെവലപ്മെന്റ് ബാങ്കിൽ അംഗമായ രാജ്യങ്ങൾ

**കൊളംബിയ, ഉസ്ബെക്കിസ്ഥാൻ**

- ❖ ഇതോടെ ന്യൂ ഡെവലപ്മെന്റ് ബാങ്കിൽ അംഗങ്ങൾ 11 ആയി
- ❖ BRICS രാജ്യങ്ങളുടെ കൂട്ടായ്മയിലാണ് ന്യൂ ഡെവലപ്മെന്റ് ബാങ്ക് രൂപീകൃതമായി
- ❖ ന്യൂ ഡെവലപ്മെന്റ് ബാങ്ക് പ്രവർത്തനം ആരംഭിച്ചത് - **2016**
- ❖ ആസ്ഥാനം - **ഷാങ്ഹായ്**
- ❖ നിലവിലെ പ്രസിഡന്റ് - **ദിൽമ വന റൂസെഫ്**

## Sports

- വിംബിൾഡണിൽ 100 വിജയം പൂർത്തിയാക്കിയ രണ്ടാമത്തെ പുരുഷ താരം

**നൊവാക്ക് ജോക്കോവിച്ച് (സെർബിയ)**

- ❖ ഈ നേട്ടം സ്വന്തമാക്കിയ ആദ്യ പുരുഷതാരം - **റോജർ ഫെഡറർ**
- ❖ വിംബിൾഡനിൽ 100 വിജയം നേടിയ ആദ്യ വനിത - **Martina Navratilova** (ചെക്ക്-അമേരിക്കൻ)
- ❖ 7 വിംബിൾഡൺ കിരീടം ഉൾപ്പെടെ 24 ഗ്രാന്റ്സ്ലാം കിരീടങ്ങൾ ജോക്കോവിച്ച് നേടിയിട്ടുണ്ട്

## Today's MCQ

1. Hollywood Walk of Fame Star അംഗീകാരം നേടിയ ആദ്യ ഇന്ത്യൻ ചലച്ചിത്ര നടി

   (a) പ്രിയങ്ക ചോപ്ര (b) അലിയ ഭട്ട്

   (c) ദീപിക പദുക്കോൺ (d) കരീന കപൂർ

2. ഇന്ത്യയിലാദ്യമായി QR അധിഷ്ഠിത ഡിജിറ്റൽ അഡ്രസ്സ് സിസ്റ്റം ആരംഭിച്ച നഗരം

   (a) പൂനെ (b) ഇൻഡോർ

   (c) നാഗ്പൂർ (d) ഗാന്ധിനഗർ

**Ans : 1 (c), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



VALUE ADDED POINTS

10.07.2025
11.07.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 10.07.2025 - 11.07.2025

## Appointment

- 2025-ൽ ആപ്പിളിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ആയി ചുമതലയേൽക്കുന്ന ഇന്ത്യൻ വംശജൻ

  **സാബിഹ് ഖാൻ**

  - ജെഫ് വില്യംസിന്റെ കാലാവധിക്ക് ശേഷം ഉത്തർപ്രദേശ്കാരനായ സാബിഹ് ഖാൻ ചുമതല യേൽക്കും.

## Kerala

- വിവിധ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ ഓണക്കാലത്ത് 100 കോടി വിറ്റുവരവ് ലക്ഷ്യമിട്ട് ആരംഭിക്കുന്ന ക്യാംപയിൻ

  **എനിക്കും വേണം ഖാദി**

  - ഖാദി ബോർഡ് പെട്രോൾ ഔട്ട്ലെറ്റുകളും തുടങ്ങും
- ഹിന്ദു കുടുംബങ്ങളിലെ പെൺമക്കൾക്ക് പാരമ്പര്യ സ്വത്തിൽ തുല്യ അവകാശമുണ്ടെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി

  **കേരള ഹൈക്കോടതി**

  - 2004 ഡിസംബർ 20-ന് ശേഷം മരിച്ചവരുടെ സ്വത്തുക്കളിൽ പെൺമക്കൾക്കും തുല്യ അവകാശ മുണ്ടെന്ന് കോടതി പ്രഖ്യാപിച്ചു.
- 2025 ചമ്പക്കുളം മൂലം വള്ളംകളി ജേതാക്കളായത്

  **ചെറുതന ചുണ്ടൻ**

  - രണ്ടാം സ്ഥാനം - **ചമ്പക്കുളം ചുണ്ടൻ**
  - മൂന്നാം സ്ഥാനം - **ആയാപറമ്പ് വലിയ ദിവാൻജി**
  - ചമ്പക്കുളം മൂലം വള്ളംകളി നടക്കുന്നത് പമ്പയാറിലാണ്

## Awards

- 2025 ജൂലൈയിൽ ബ്രസീലിന്റെ പരമോന്നത സിവിലിയൻ ബഹുമതിക്ക് അർഹനായത്

  **നരേന്ദ്രമോദി**

  - ഗ്രാന്റ് കോളർ ഓഫ് ദ നാഷണൽ ഓർഡർ ഓഫ് ദ സതേൺ ക്രോസ്സ് എന്ന ബഹുമതിയാണ് ലഭിച്ചത്.
  - ബ്രസീൽ പ്രസിഡന്റ് - **Luiz Inacio Lula da Silva**
- 2025 ജൂലൈയിൽ നമീബിയയുടെ പരമോന്നത സിവിലിയൻ ബഹുമതി ലഭിച്ചത്

  **നരേന്ദ്രമോദി**

  - Order of the Most Ancient Welwitschia Mirabilis എന്ന ബഹുമതിയാണ് ലഭിച്ചത്.
  - നരേന്ദ്രമോദിക്ക് ലഭിക്കുന്ന 27-ാമത് ബഹുമതിയാണിത്.

- 21-ാമത് കേശവദേവ് സാഹിത്യ പുരസ്കാരത്തിന് അർഹനായത്

  **ശശി തരൂർ**

  - 'വൈ ഐ ആം ഹിന്ദു', 'ദി ബാറ്റിൽ ഓഫ് ബിലോങ്ങിങ്' തുടങ്ങിയ പുസ്തകങ്ങളെ മുൻനിർത്തിയാണ് അവാർഡ് ലഭിക്കുന്നത്.
  - ആരോഗ്യമേഖലയ്ക്കുള്ള പി. കേശവദേവ് ഡയബ്സ് സ്ക്രീൻ പുരസ്കാരം ഡയബറ്റോളജിസ്റ്റും ഗ്ലോബൽ ഹെൽത്ത് ലീഡറുമായ ഡോ. ബൻഷി സാബുവിന് ലഭിക്കും.

## National

- അടുത്തിടെ ഇന്ത്യയിൽ ഉപഗ്രഹാധിഷ്ഠിത ഇന്റർനെറ്റ് സേവനം ആരംഭിക്കുന്നതിന് അന്തിമ അനുമതി ലഭിച്ച ഇന്റർനെറ്റ് സേവന ദാതാക്കൾ

  **സ്റ്റാർലിങ്ക്**

  - ബഹിരാകാശ വകുപ്പിന് കീഴിലുള്ള ഇൻസ്പേസാണ് അനുമതി നൽകിയത്.
  - സ്റ്റാർലിങ്കിന്റെ ഉടമസ്ഥൻ - **ഇലോൺ മസ്ക്**

- സാവിത്രിബായ് ഫുലേ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുമൺ ആന്റ് ചൈൽഡ് ഡവലപ്മെന്റ് ആസ്ഥാനം സ്ഥിതി ചെയ്യുന്നത്

  **ന്യൂഡൽഹി**

  - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോർപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്മെന്റ് എന്ന പേര് അടുത്തിടെ പുനർനാമകരണം ചെയ്തത് സാവിത്രിഭായ് ഫുലേ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുമൺ ആന്റ് ചൈൽഡ് ഡവലപ്മെന്റ് എന്നാക്കി.

- മൗണ്ട് എൽബ്രസ് കീഴടക്കിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി

  **Teghbir Singh**

  - ആറു വയസ്സുള്ള Teghbir പഞ്ചാബ് സ്വദേശിയാണ്
  - റഷ്യയിലേയും യൂറോപ്പിലേയും ഏറ്റവും ഉയരം കൂടിയ കൊടുമുടിയാണ് മൗണ്ട് എൽബ്രസ്

- സർക്കാർ ജോലികളിൽ സ്ത്രീകൾക്ക് 35% സംവരണം ലഭിക്കാൻ സ്ഥിരതാമസം നിർബന്ധമാക്കിയ സംസ്ഥാനം

  **ബീഹാർ**

  - ബീഹാർ മുഖ്യമന്ത്രി - **നിതീഷ് കുമാർ**

- വടക്കുകിഴക്കൻ മേഖല ജില്ല SDG സൂചിക റിപ്പോർട്ട് 2023-24 ൽ ഒന്നാമതുള്ളത്

  **Hnahthial (മിസ്സോറാം)**

  - രണ്ടാം സ്ഥാനത്ത് - **Champhai** (മിസ്സോറാം)
  - മൂന്നാമത് - **ഗോമതി** (ത്രിപുര)

- റേഷൻ വിതരണത്തിനായി ആധാർ അടിസ്ഥാനമാക്കിയുള്ള മുഖം തിരിച്ചറിയൽ സംവിധാനം ആരംഭിച്ച ആദ്യ സംസ്ഥാനം

  **ഹിമാചൽ പ്രദേശ്**

  - ഒ.ടി.പി. അടിസ്ഥാനമാക്കിയും ബയോമെട്രിക് രീതി ഉപയോഗിച്ചും ഉള്ള റേഷൻ വിതരണത്തിലെ പോരായ്മകൾ പരിഹരിക്കാനാണ് ഈ സംവിധാനം
  - ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി - **സുഖ്വീന്ദർ സിംഗ് സുഖു**

- പ്രഥമ ആസിയാൻ-ഇന്ത്യ ക്രൂയിസ് ഡയലോഗിന്റെ വേദി

  **ചെന്നൈ**

- 2025-ൽ സ്ഥാപിതമായതിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന ഇന്ത്യൻ സ്റ്റോക്ക് എക്സ്ചേഞ്ച്

  **ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്**

  - 1875-ൽ സ്ഥാപിതമായി
  - ഏഷ്യയിലെ ആദ്യത്തെ സ്റ്റോക്ക് എക്സ്ചേഞ്ച്
  - സ്ഥിതി ചെയ്യുന്നത് - **ദലാൽ സ്ട്രീറ്റ്, മുംബൈ**
  - ഓഹരി സൂചിക അറിയപ്പെടുന്നത് - **സെൻസെക്സ്** (സെൻസിറ്റീവ് ഇൻഡക്സ്)

## International

- അടുത്തിടെ തുർക്കി കോടതി വിലക്കേർപ്പെടുത്തിയ ചാറ്റ്ബോട്ട്

  **ഗ്രോക്ക്**

  - തുർക്കി പ്രസിഡന്റ് Recep Tayyip Erdogan-നെ കുറിച്ച് തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ചതിനെ തുടർന്നാണ് വിലക്ക്.
  - ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള എക്സിന്റെ എ.ഐ ചാറ്റ്ബോട്ടാണിത്.

- അടുത്തിടെ SAIL പശ്ചിമേഷ്യയിലെ ആദ്യ വിദേശ ഓഫീസ് ആരംഭിച്ചത്

  **ദുബായ്**

  - SAIL - **Steel Authority of India Limited**
  - കേന്ദ്ര സ്റ്റീൽ, ഘന വ്യവസായ മന്ത്രി എച്ച്.ഡി. കുമാരസ്വാമി ഉദ്ഘാടനം ചെയ്തു.

## Science & Technology

- അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്നും കണ്ടെത്തിയ പുതിയ സസ്യ ഇനം

  **പിണ്ഡ മുഖർജിയാന**

  - ദേവഗിരി സെന്റ് ജോസഫ് കോളേജിലെ ബോട്ടണി ഗവേഷണ വിദ്യാർത്ഥികളാണ് കണ്ടെത്തിയത്.
  - യൂണിവേഴ്സിറ്റി ഓഫ് കൽക്കത്തയിലെ ബോട്ടാണിസ്റ്റ് പ്രശാന്ത് കുമാർ മുഖർജിയുടെ പേരാണ് സസ്യത്തിന് നൽകിയിരിക്കുന്നത്.

## Today's MCQ

1. 2026 (18th) BRICS ഉച്ചകോടി വേദി

   (a) ഇന്ത്യ (b) ബ്രസീൽ

   (c) ദക്ഷിണാഫ്രിക്ക (d) റഷ്യ

2. 2025-ൽ ICC യുടെ (ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ) സി.ഇ.ഒ ആയി നിയമിതനായത്

   (a) ജയ്ഷാ (b) റോജർ സിന്നി

   (c) സഞ്ജോഗ് ഗുപ്ത (d) രവിശാസ്ത്രി

**Ans : 1 (a), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




## VALUE ADDED POINTS

## 12.07.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 12.07.2025

## Important Event

- ജൂലൈ 12 - **മലാല ദിനം**
  - പെൺകുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയ മലാല യൂസഫ്സായിയോടുള്ള ആദരസൂചകമായി ജൂലൈ 12 മലാല ദിനമായി ആചരിക്കുന്നു.
  - ഏറ്റവും പ്രായം കുറഞ്ഞ നൊബേൽ ജേതാവാണ് മലാല (2014-ൽ സമാധാന നൊബേൽ ലഭിച്ചു)
  - ആത്മകഥ - **I am Malala**

## Book & Author

- 'മൾബെറി എന്നോട് നിന്റെ സോർബയെക്കുറിച്ച് പറയൂ' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **ബെന്യാമിൻ**

## Appointment

- ഹിന്ദുസ്ഥാൻ യൂണിലിവറിന്റെ സി.ഇ.ഒ. ആയി നിയമിതയാകുന്നത്

  **പ്രിയാ നായർ**
  - ഈ സ്ഥാനത്തെത്തുന്ന ആദ്യ വനിത

## National

- 2025-ൽ പുറത്തുവിട്ട നീതി ആയോഗിന്റെ ഗോൾ ഓഫ് ഗുഡ് ഹെൽത്ത് ആൻഡ് വെൽബീയിങ് ഇൻഡക്സിൽ (2023-24) ഒന്നാമതുള്ളത്

  **ഗുജറാത്ത്**
  - രണ്ടാമത് - **ഉത്തരാഖണ്ഡ്, മഹാരാഷ്ട്ര**
  - മൂന്നാമത് - **ഹിമാചൽ പ്രദേശ്**
  - നാലാമത് - **കേരളം, കർണാടക**
- അടുത്തിടെ തകർന്നുവീണ പാലമായ ഗംഭീര സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **ഗുജറാത്ത്**
  - മഹിസാഗർ നദിയിലാണ് ഈ പാലം സ്ഥിതി ചെയ്യുന്നത്
- 2025 ജൂലൈയിൽ മധ്യപ്രദേശിലെ പന്ന കടുവ സങ്കേതത്തിൽ വെച്ച് ചരിഞ്ഞ ആന

  **വത്സല**
  - ഏഷ്യയിലെ ഏറ്റവും പ്രായം കൂടിയ ആന എന്ന ഖ്യാദി നേടിയ ആനയാണിത്.
- ക്രൂയിസ് ഭാരത് മിഷനിൽ പങ്ക് ചേർന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം

  **ഗുജറാത്ത്**
  - 2029-ഓടെ ഇന്ത്യയെ ഒരു ആഗോള ക്രൂയിസ് ടൂറിസം കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്നതാണ് ക്രൂയിസ് ഭാരത് മിഷൻ

## International

- 2025 ജൂലൈയിൽ ചെങ്കടലിൽ വച്ച് മിസൈൽ ആക്രമണത്തിൽ തകർന്ന കപ്പൽ

  **എറ്റേണിറ്റി സി**
  - ലൈബീരിയൻ പതാക വഹിക്കുന്ന കപ്പലാണിത്.

- 2025-ൽ ഐക്യരാഷ്ട്ര സഭയുടെ 'AI for Good' ഉച്ചകോടിക്ക് വേദിയായത്

  **ജനീവ**

  - ഈ ഉച്ചകോടിയിൽ വച്ച് Da എന്ന AI റോബോട്ട് വരച്ച ചാൾസ് രാജാവിന്റെ ചിത്രം അനാവരണം ചെയ്തു.

- യൂറോ ഔദ്യോഗിക കറൻസി ആക്കുന്ന 21-ാമത്തെ രാജ്യം

  **ബൾഗേറിയ**

  - 2026 ജനുവരി 1 മുതൽ ബൾഗേറിയയിൽ യൂറോ നിലവിൽ വരും.
  - ബൾഗേറിയൻ ലെവാണ് നിലവിലെ കറൻസി
  - യൂറോ ഔദ്യോഗിക കറൻസി ആക്കിയ 20-ാമത്തെ രാജ്യം

    **ക്രൊയേഷ്യ**

  - യൂറോപ്യൻ യൂണിയനിലെ അംഗങ്ങൾ **27**

- 2025 ലോക ജനസംഖ്യ ദിനത്തിന്റെ പ്രമേയം

  **Empowering young people to create the families they want in a fair and hopeful world**

  - ജൂലൈ 11-നാണ് ജനസംഖ്യ ദിനം ആചരിക്കുന്നത്.

## Defence

- ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച ആദ്യ ഡൈവിംഗ് സപ്പോർട്ട് വെസ്സൽ

  **INS നിസ്തർ**

## Sports

- 2025 ജൂലൈ മാസത്തിൽ പുറത്തുവിട്ട ഫിഫ പുരുഷ റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം

  **133**

  - ഒന്നാമത് - **അർജന്റീന**
  - രണ്ടാമത് - **സ്പെയിൻ**
  - മൂന്നാമത് - **ഫ്രാൻസ്**

- 2025 ക്ലബ്ബ് ലോകകപ്പ് ഫൈനലിൽ ഏറ്റുമുട്ടുന്നത്

  **ചെൽസി Vs പി.എസ്.ജി**

  - 2025 ക്ലബ്ബ് ലോകകപ്പ് വേദി - **അമേരിക്ക**
  - പങ്കെടുത്ത ടീമുകൾ - **32**

## Today's MCQ

1. 2025 ജൂലൈയിൽ ബ്രസീലിന്റെ പരമോന്നത സിവിലിയൻ ബഹുമതിക്ക് അർഹനായത്

   (a) ദ്രൗപതി മുർമു (b) എസ്. ജയശങ്കർ

   (c) അമിത് ഷാ (d) നരേന്ദ്രമോദി

2. ഹിന്ദു കുടുംബങ്ങളിലെ പെൺമക്കൾക്ക് പാരമ്പര്യ സ്വത്തിൽ തുല്യ അവകാശമുണ്ടെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി

   (a) കേരള ഹൈക്കോടതി (b) മദ്രാസ് ഹൈക്കോടതി

   (c) ബോംബെ ഹൈക്കോടതി (d) കർണാടക ഹൈക്കോടതി

**Ans : 1 (d), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 13.07.2025

7845 89 44 92
8590 57 5710
veranda.talentkerala.com
FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 13.07.2025

## Appointment

- നിലവിലെ കേന്ദ്ര ആഭ്യന്തര സെക്രട്ടറി

  **ഗോവിന്ദ് മോഹൻ**

  - അദ്ദേഹത്തിന്റെ കാലാവധി 2026 ആഗസ്റ്റ് 22 വരെ നീട്ടി

## Book & Author

- Enlightened Leadership എന്ന പുസ്തകം എഴുതിയത്

  **Tshering Tobgay**

  - ഭൂട്ടാന്റെ പ്രധാനമന്ത്രിയാണ് അദ്ദേഹം

## National

- ISO സർട്ടിഫിക്കേഷൻ ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ പോലീസ് സ്റ്റേഷൻ

  **അർത്തുങ്കൽ പോലീസ് സ്റ്റേഷൻ**

  - ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റത്തിനുള്ള സർട്ടിഫിക്കേഷനാണ് ലഭിച്ചത്.
  - ISO - **International Organisation for Standardization**

- മനുഷ്യ-ആന സംഘർഷം പരിഹരിക്കുന്നതിനായി ഗജ മിത്ര പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം

  **അസം**

  - അസം മുഖ്യമന്ത്രി - **ഹിമന്ത ബിശ്വ ശർമ്മ**

- ഇന്ത്യയിലെ ആദ്യത്തെ ഡിസ്നിലാന്റ് തീം പാർക്ക് നിലവിൽ വരുന്നത്

  **മനേസർ** (ഹരിയാന)

- അമർനാഥ് യാത്ര സുരക്ഷിതമാക്കുന്നതിനായി ഇന്ത്യൻ സൈന്യം ആരംഭിച്ച സുരക്ഷാ സജ്ജീകരണം

  **ഓപ്പറേഷൻ ശിവ**

- 2025 ടൈം 100 ക്രിയേറ്റേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ഇന്ത്യക്കാരി

  **പ്രജക്ത കോലി**

## International

- UPI ഉപയോഗം നടപ്പിലാക്കുന്ന 8-ാമത് രാജ്യം

  **ട്രിനിഡാഡ് ആന്റ് ടൊബാഗോ**

  - ഇന്ത്യയുടെ ഭീം ആപ്പ് വഴി ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് (Unified Payment Interface) ഉപയോഗിച്ച് ഇടപാടുകൾ സാധ്യമാക്കുന്ന ആദ്യ കരീബിയൻ രാജ്യമായും ട്രിനിഡാസ് ആന്റ് ടൊബാഗോ മാറി.

- അടുത്തിടെ 3500 വർഷം പഴക്കമുള്ള പെനിക്കോ നഗരം കണ്ടെത്തപ്പെട്ടത്

  **പെറു**

  - പെറുവിലെ വടക്കൻ ബരാങ്ക പ്രവിശ്യയിലാണ് കണ്ടെത്തിയത്

## Defence

- സംയുക്ത അഭ്യാസത്തിനായി അടുത്തിടെ ചെന്നൈയിൽ എത്തിയ ജപ്പാൻ കോസ്റ്റ് ഗാർഡ് ഷിപ്പ്

  **Itsukushima**

  - 'ഗ്ലോബൽ ഓഷ്യൻ വോയേജ് ട്രെയിനിംഗ്' പ്രോഗ്രാമിന്റെ ഭാഗമായാണ് ചെന്നൈയിൽ എത്തിയത്.

## Sports

- 2025 ആർട്ടിസ്റ്റിക് ജിംനാസ്റ്റിക്സ് ലോക ചാമ്പ്യൻഷിപ്പിന്റെ വേദി

  **ജക്കാർത്ത** (ഇന്തോനേഷ്യ)

## Today's MCQ

1. 'മൾബെറി എന്നോട് നിന്റെ സോർബയെക്കുറിച്ച് പറയൂ' എന്ന പുസ്തകത്തിന്റെ രചയിതാവ്

   (a) അഖിൽ പി ധർമ്മജൻ (b) എസ്. ഹരീഷ്

   (c) ബെന്യാമിൻ (d) ആനന്ദ്

2. 2025-ൽ പുറത്തുവിട്ട നീതി ആയോഗിന്റെ ഗോൾ ഓഫ് ഗുഡ് ഹെൽത്ത് ആൻഡ് വെൽബീയിങ് ഇൻഡക്സിൽ (2023-24) ഒന്നാമതുള്ളത്

   (a) ഉത്തരാഖണ്ഡ് (b) ഗുജറാത്ത്

   (c) മഹാരാഷ്ട്ര (d) കേരളം

**Ans : 1 (c), 2 (b)**

**TALENT**
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 14.07.2025
## 15.07.2025


7845 89 44 92
8590 57 5710

veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 14.07.2025 - 15.07.2025

## Appointment

- 2025 ജൂലൈയിൽ രാജ്യസഭയിലേക്ക് രാഷ്ട്രപതി നോമിനേറ്റ് ചെയ്ത അംഗങ്ങൾ

  **ഹർഷ് വർധൻ ശൃംഗ്ല** (മുൻ വിദേശകാര്യ സെക്രട്ടറി)

  **ഉജ്ജ്വൽ നികം** (മുംബൈ ഭീകരാക്രമണ കേസിലെ പബ്ലിക് പ്രോസിക്യൂട്ടർ)

  **മീനാക്ഷി ജെയ്ൻ** (ചരിത്രകാരി)

  **സി. സദാനന്ദൻ മാസ്റ്റർ** (രാഷ്ട്രീയ സാമൂഹിക പ്രവർത്തകൻ അധ്യാപകൻ) (മലയാളി)

  - രാഷ്ട്രപതിക്ക് 12 പേരെ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്യാം

- ഇന്ത്യൻ ബോക്സിങ് ഫെഡറേഷൻ തിരഞ്ഞെടുപ്പ് നീണ്ടുപോകുന്നതിന്റെ കാരണം കണ്ടെത്താൻ രൂപീകരിച്ച വസ്തുതാന്വേഷണ സമിതിയുടെ അധ്യക്ഷൻ

  **സഹദേവ് യാദവ്** (IOA ട്രഷറർ)

  - പി.ടി. ഉഷയാണ് സമിതി രൂപീകരിച്ചത്.

- IAU-വിന്റെ ഉൽക്കാപഠന നേതൃസമിതിയിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ

  **അശ്വിൻ ശേഖർ**

  - ഉൽക്കാവർഷം കണ്ടെത്താനുള്ള 'ത്രീ ബോഡി റെസൊണൻസ് സിദ്ധാന്തം' വികസിപ്പിച്ചത് ഇദ്ദേഹമാണ് (2016)
  - ഒരു ഛിന്നഗ്രഹത്തിന് 33928 അശ്വിൻ ശേഖർ എന്ന് 2023-ൽ പേര് നൽകിയിരുന്നു.

## Book and Author

- 'മുങ്ങാങ്കുഴി' എന്ന പുസ്തകം രചിച്ചത്

  **ആഷ് അഷിത**

## National

- 'ഓപ്പറേഷൻ സിന്ദൂർ : എ ട്രിബ്യൂട്ട് - ദി റെഡ് മാർക്ക് ഓഫ് ഡ്യൂട്ടി' എന്ന ചിത്രം വരച്ചത്

  **ചന്ദ്രനാഥ് ദാസ്**

  - 2025-ലെ പഹൽഗാം ഭീകരാക്രമണത്തിന് ബദലായി ഇന്ത്യ നടത്തിയ സൈനിക നടപടിയാണ് ഓപ്പറേഷൻ സിന്ദൂർ
  - പേര് നൽകിയത് - **നരേന്ദ്ര മോദി**

- മുംബൈയിലെ കാർണാക് പാലത്തിന്റെ പുതിയ പേര്

  **സിന്ദൂർ പാലം**

- മഹാരാഷ്ട്രയുടെ ഔദ്യോഗിക ഉത്സവം

**സാർവജനിക് ഗണേശോത്സവം**

- മഹാരാഷ്ട്രയുടെ ഔദ്യോഗിക കായിക ഇനം

**ദഹി ഹണ്ടി**

- K.D ജാദവിന്റെ ജന്മദിനമായ ജനുവരി 15 സംസ്ഥാന കായിക ദിനമായി ആചരിക്കുന്നതും മഹാരാഷ്ട്രയാണ്.
- മഹാരാഷ്ട്ര മുഖ്യമന്ത്രി - **ദേവേന്ദ്ര ഫട്നാവിസ്**

## International

- International Year of Asteroid Awareness and Planetary Defence ആയി ആചരിക്കാൻ തീരുമാനിച്ച വർഷം

**2029**

- 2025-ൽ പുറത്തുവിട്ട 2024-25 വർഷത്തെ ഏറ്റവും മികച്ച 10 ടൂറിസം സമ്പദ് വ്യവസ്ഥകളിൽ ഒന്നാമതുള്ളത്

**അമേരിക്ക**

- 2-ാമത് - **ചൈന**
- 3-ാമത് - **ജർമ്മനി**
- 8-ാമത് - **ഇന്ത്യ**

- 2025-ൽ ഫ്രാൻസിന്റെ ബാസ്റ്റിൽ ദിന പരേഡിൽ മുഖ്യാതിഥിയായത്

**Prabowo Subianto** (ഇന്തോനേഷ്യൻ പ്രസിഡന്റ്)

- ഇന്തോനേഷ്യൻ ആർമി ആദ്യമായി ബാസ്റ്റിൽ ദിന ചടങ്ങിൽ പരേഡ് ചെയ്തു.
- 2025-ൽ ഇന്ത്യയുടെ റിപ്പബ്ലിക് ദിനാഘോഷത്തിലും Subianto മുഖ്യാതിഥിയായിരുന്നു.
- ജൂലൈ 14-നാണ് ബാസ്റ്റിൽ ദിനം ആചരിക്കുന്നത്.
- 2023-ൽ നരേന്ദ്ര മോദിയായിരുന്നു ബാസ്റ്റിൽ ദിന പരേഡിന്റെ മുഖ്യാതിഥി

## Sports

- 2025 ഫിഫ ക്ലബ്ബ് ലോകകപ്പ് ജേതാക്കൾ

**ചെൽസി**

- റണ്ണറപ്പ് - **പി.എസ്.ജി**
- പങ്കെടുക്കുന്ന ടീമുകൾ - **32**
- വേദി - **അമേരിക്ക**
- ടൂർണമെന്റിലെ മികച്ച താരം - **Cole Palmer**
- കൂടുതൽ ഗോൾ - **Gonzalo Garcia**
- മികച്ച യുവ താരം - **Desire Doue**
- മികച്ച ഗോൾ കീപ്പർ - **Robert Sanchez**

- **വിംബിൾഡൺ 2025**
  - പുരുഷ സിംഗിൾസ് - **Jannik Sinner** (ഇറ്റലി)
    (റണ്ണറപ്പ് - **Carlos Alcaraz** (സ്പെയിൻ))
  - വനിത സിംഗിൾസ് - **Iga Swiatek** (പോളണ്ട്)
    (റണ്ണറപ്പ് - **Amanda Anisimova** (യു.എസ്.എ))
  - പുരുഷ ഡബിൾസ് - **Julian Cash** (UK) **& Lloyd Glasspool** (UK)
  - വനിത ഡബിൾസ് - **Veronika Kudermetova** (റഷ്യ) &
    **Elise Mertens** (ബെൽജിയം)
  - മിക്സഡ് ഡബിൾസ് - **Sem Verbeek** (നെതർലന്റ്) &
    **Katerina Siniakova** (ചെക്ക് റിപ്പബ്ലിക്)
- 2025 വനിത ചെസ് വേൾഡ് കപ്പിൽ മുൻ ലോക ചാമ്പ്യനായ അന്ന ഉഷ്നിനയെ പരാജയപ്പെടുത്തിയ ഇന്ത്യൻ താരം

**Vantika Agrawal**

  - ജോർജിയയിലാണ് 2025 വനിത ചെസ് ലോകകപ്പ് നടക്കുന്നത്

## Demise

- 2025 ജൂലൈയിൽ അന്തരിച്ച തെലുങ്ക് ചലച്ചിത്ര നടൻ

**കോട്ട ശ്രീനിവാസ റാവു**

  - ആന്ധ്രാപ്രദേശിലെ മുൻ എം.എൽ.എ.യുമായിരുന്നു.
- 2025 ജൂലൈയിൽ അന്തരിച്ച ചലച്ചിത്ര നടി

**സരോജ ദേവി**

  - കന്നഡയിൽ 'അഭിനയ സരസ്വതി', തമിഴിൽ 'കന്നഡത്തു പൈങ്കിളി' എന്നിങ്ങനെ അറിയപ്പെട്ടിരുന്നു
  - 1969-ൽ പത്മശ്രീ, 1992-ൽ പത്മഭൂഷൺ എന്നിവ ലഭിച്ചു.

## Today's MCQ

1. അമർനാഥ് യാത്ര സുരക്ഷിതമാക്കുന്നതിനായി ഇന്ത്യൻ സൈന്യം ആരംഭിച്ച സുരക്ഷാ സജ്ജീകരണം
   (a) ഓപ്പറേഷൻ അമർനാഥ് (b) ഓപ്പറേഷൻ ശിവ
   (c) ഓപ്പറേഷൻ ശിവശക്തി (d) ഓപ്പറേഷൻ സുരക്ഷ
2. ISO സർട്ടിഫിക്കേഷൻ ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ പോലീസ് സ്റ്റേഷൻ
   (a) അർത്തുങ്കൽ പോലീസ് സ്റ്റേഷൻ (b) മാരാരിക്കുളം പോലീസ് സ്റ്റേഷൻ
   (c) മുഹമ്മ പോലീസ് സ്റ്റേഷൻ (d) അരൂർ പോലീസ് സ്റ്റേഷൻ


**Ans : 1 (b), 2 (a)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 16.07.2025


7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 16.07.2025

## Appointment

- 2025 ജൂലൈയിൽ ഗോവ ഗവർണറായി നിയമിതനായത്

  **പുസപതി അശോക് ഗജപതി രാജു** (മുൻ കേന്ദ്ര വ്യോമയാന മന്ത്രി)

  - ഹരിയാനയുടെ പുതിയ ഗവർണർ – **അഷിം കുമാർ ഘോഷ്**
  - ലഡാക്കിന്റെ പുതിയ ലഫ്റ്റനന്റ് ഗവർണർ – **കവിന്ദർ ഗുപ്ത** (ജമ്മു കാശ്മീർ മുൻ ഉപമുഖ്യമന്ത്രി)

- 2025 ജൂലൈയിൽ LIC-യുടെ സി.ഇ.ഒ. ആയി ചുമതലയേറ്റത്

  **ആർ. ദൊരൈസ്വാമി**

- RPF ഡയറക്ടർ ജനറലായി നിയമിതയാകുന്ന ആദ്യ വനിത

  **സൊനാലി മിശ്ര**

  - RPF - **Railway Protection Force**

## Book and Author

- Honest John : A Life of John Mathai എന്ന പുസ്തകം എഴുതിയത്

  **Bakhtiar K Dadabhoy**

  - സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ, ഗതാഗത മന്ത്രിയായിരുന്ന ജോൺ മത്തായിയുടെ ജീവചരിത്രമാണിത്.
  - ഇന്ത്യയുടെ രണ്ടാമത്തെ ധനകാര്യ മന്ത്രിയായിരുന്നു.
  - നാഷണൽ ബുക്ക് ട്രസ്റ്റിന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെയും ആദ്യ ചെയർമാനായിരുന്നു അദ്ദേഹം.

## National

- ദമ്പതിമാരുടെ രഹസ്യമായി റെക്കോഡ് ചെയ്ത ഫോൺ സംഭാഷണം ദാമ്പത്യത്തർക്ക കേസുകളിൽ തെളിവാക്കാമെന്ന് പ്രഖ്യാപിച്ച കോടതി

  **സുപ്രീംകോടതി**

  - ഭാര്യ അറിയാതെ ഫോൺ സംഭാഷണം ചോർത്തിയത് സ്വകാര്യതാലംഘനമാണെന്നുള്ള പഞ്ചാബ്, ഹരിയാന ഹൈക്കോടതി വിധി റദ്ദാക്കിയാണ് സുപ്രീംകോടതിയുടെ ഈ പ്രഖ്യാപനം.

- പഞ്ചസാരയുടെ അമിതോപയോഗം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കാൻ സ്കൂളുകളിൽ 'പഞ്ചസാര ബോർഡ്' സ്ഥാപിക്കാൻ തീരുമാനിച്ച സംസ്ഥാനം

  **മഹാരാഷ്ട്ര**

  - ലഘുഭക്ഷണങ്ങളിലേയും പാനീയങ്ങളിലേയും പഞ്ചസാരയുടെ അളവ്, ഉയർന്ന അളവിൽ മധുരം കഴിക്കുന്നതിന്റെ അനന്തരഫലങ്ങൾ എന്നിവ എഴുതി ബോർഡിൽ പ്രദർശിപ്പിക്കും.
  - ടൈപ്പ് 2 പ്രമേഹം, പൊണ്ണത്തടി, ദന്തപ്രശ്നങ്ങൾ തുടങ്ങി വിദ്യാർത്ഥികളിൽ വർധിച്ചുവരുന്ന ആരോഗ്യപ്രശ്നങ്ങളെ നേരിടാൻ ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശിപാർശ പ്രകാരമാണിത്.

- സ്കൂൾ വിദ്യാർത്ഥികൾക്ക് ബസ് യാത്ര സൗജന്യമാക്കാൻ തീരുമാനിച്ച സംസ്ഥാനം

  **കർണാടക**

  - വനിതകൾക്ക് പിന്നാലെ കർണാടക പബ്ലിക് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് ഈ യാത്ര.
- 2025 സ്റ്റുഡന്റ് അക്കാദമി അവാർഡുകളിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട ഹ്രസ്വചിത്രം

  **വാസു**

  - സംവിധാനം - **Sidharth Harikumar**
- ഇന്ത്യ എനർജി സ്റ്റോറേജ് വീക്ക് 2025-ന്റെ വേദി

  **ന്യൂഡൽഹി**

## International

- ലോകത്തിലെ ഏറ്റവും വലിയ റിയൽ ടൈം പേയ്മെന്റ് സംവിധാനം

  **UPI** (Unified Payment Interface)

  - വിസയെ മറികടന്നാണ് യു.പി.ഐ. ലോകത്തിലെ മുൻനിര റിയൽ-ടൈം പേയ്മെന്റ് സംവിധാനമായി മാറിയത്.
  - പ്രതിദിനം 650 ദശലക്ഷത്തിലധികം ഇടപാടുകൾ പ്രോസസ്സ് ചെയ്തു.
- 2025-ൽ ലോകബാങ്ക് പുറത്തുവിട്ട ഗിനി സൂചിക പ്രകാരം ആഗോളതലത്തിൽ ഏറ്റവും വരുമാന തുല്യതയുള്ള രാജ്യം

  **സ്ലോവാക്യ** (24.1)

  - രണ്ടാം സ്ഥാനത്ത് - **സ്ലോവേനിയ** (24.3)
  - മൂന്നാം സ്ഥാനത്ത് - **ബെലാറസ്** (24.4)
  - നാലാം സ്ഥാനത്ത് - **ഇന്ത്യ** (25.5)
  - ഒരു രാജ്യത്തെ വീടുകളിലോ വ്യക്തികളിലോ വരുമാനം, സമ്പത്ത് അല്ലെങ്കിൽ ഉപഭോഗം എങ്ങനെ തുല്യമായി വിതരണം ചെയ്യപ്പെടുന്നുവെന്ന് മനസിലാക്കാനുള്ള മാർഗമാണ് ഗിനി സൂചിക.
- 2025 ലോക യുവജന നൈപുണ്യ ദിനത്തിന്റെ പ്രമേയം

  **Youth Empowerment through AI and Digital Skill**

  - ലോക യുവജന നൈപുണ്യദിനം - **ജൂലൈ 15**

## Sports

- ഇന്ത്യയുടെ 87-ാമത് ഗ്രാന്റ് മാസ്റ്റർ

  **A.Ra. ഹരികൃഷ്ണൻ**

  - 86-ാമത് - **ശ്രീഹരി എൽ.ആർ**
  - 85-ാമത് - **പി. ശ്യാംനിഖിൽ**

## Demise

- 2025 ജൂലൈയിൽ അന്തരിച്ച മുൻ നൈജീരിയൻ പ്രസിഡന്റ്

  **മുഹമ്മദ് ബുഹാരി**

**Today's MCQ**

1. 2025-ൽ പുറത്തുവിട്ട 2024-25 വർഷത്തെ ഏറ്റവും മികച്ച 10 ടൂറിസം സമ്പദ് വ്യവസ്ഥകളിൽ ഒന്നാമതുള്ളത്

   (a) അമേരിക്ക (b) ചൈന

   (c) ജർമ്മനി (d) ഇന്ത്യ

2. 2025 ഫിഫ ക്ലബ്ബ് ലോകകപ്പ് ജേതാക്കൾ

   (a) പി.എസ്.ജി (b) റയൽ മാഡ്രിഡ്

   (c) അൽ നാസർ (d) ചെൽസി

**Ans : 1 (a), 2 (d)**


TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



VALUE ADDED POINTS

**17.07.2025**


7845 89 44 92
8590 57 5710

veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS

## STUDY NOTES 17.07.2025

## Award

- 2025-ൽ UN പോപ്പുലേഷൻ അവാർഡ് നേടിയത്

  **വർഷ ദേശ്പാണ്ഡെ**

  - ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം
  - ദളിത് മഹിളാ വികാസ് മണ്ഡലിന്റെ സ്ഥാപകയാണ്

## National

- ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ കേബിൾ സ്റ്റേ പാലം

  **സിഗണ്ടൂർ പാലം**

  - കലസവള്ളി - അംബാർ ഗൊഡ്‌ലു എന്നീ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നു.
  - ശിവമോഗയിൽ സ്ഥിതി ചെയ്യുന്ന പാലം ശരാവതി നദിക്ക് കുറുകെയാണ് നിർമ്മിച്ചിരിക്കുന്നത്
  - ഉദ്ഘാടനം ചെയ്തത് - **നിതിൻ ഖഡ്കരി** (കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രി)
  - ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കേബിൾ സ്റ്റേ പാലം

    **സുദർശൻ സേതു** (ദ്വാരക, ഗുജറാത്ത്)

  - ഒഖയേയും ബേത്ത് ദ്വാരകയെയും ബന്ധിപ്പിക്കുന്നു
  - അറബിക്കടലിൽ സ്ഥിതി ചെയ്യുന്നു

- 2025-ൽ ഇന്ത്യയിൽ നിന്നും UNESCO-യുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട കേന്ദ്രം

  **Maratha Military Landscapes (44$^{th}$)**

  - 17-19 നൂറ്റാണ്ട് കാലയളവിൽ മറാത്ത സാമ്രാജ്യം നിർമ്മിച്ചതോ വികസിപ്പിച്ചതോ ആയ 12 കോട്ടകൾ ഇതിൽ ഉൾപ്പെടുന്നു.
  - **സൽഹെർ, ശിവ്നേരി, ലോഹ്ഗഡ്, ഖണ്ടേരി, റായ്ഗഡ്, രാജ്ഗഡ്, പ്രതാപ്ഗഡ്, സുവർണദുർഗ്, പൻഹല, വിജയദുർഗ്, സിന്ധുദുർഗ്, ജിഞ്ചി** കോട്ടകളാണ് ഉൾപ്പെടുന്നത്.
  - ഇതിൽ ജിഞ്ചി തമിഴ്നാട്ടിലും മറ്റുള്ളവ മഹാരാഷ്ട്രയിലുമാണ്.
  - 2025-ൽ പാരീസിൽ നടന്ന 47$^{th}$ UNESCO സെഷനിലായിരുന്നു തീരുമാനം
  - ഇന്ത്യയിലെ 43-ാമത് ഹെറിറ്റേജ് സൈറ്റ് - **Moidams** (അസം)
  - 42 - **ഹൊയ്സാല ക്ഷേത്രങ്ങൾ** (കർണാടക)

- ഇന്ത്യയിലെ ആദ്യ അക്വാ ടെക് പാർക്ക് നിലവിൽ വന്നത്

  **അസം**

  - മത്സ്യകർഷകരുടെ ശാക്തീകരണം, മത്സ്യകൃഷി പ്രോത്സാഹനം എന്നിവയാണ് ഇതിന്റെ ലക്ഷ്യം
  - അസം മുഖ്യമന്ത്രി - **ഹിമന്ത ബിശ്വശർമ്മ**

- M.S സ്വാമിനാഥന്റെ 100-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 100 രൂപ നാണയം പുറത്തിറക്കും
  - 1925 ആഗസ്റ്റ് 7-നാണ് അദ്ദേഹം ജനിച്ചത്
  - 2023 സെപ്റ്റംബർ 28-ന് അന്തരിച്ചു.
  - പ്രഥമ ലോക ഭക്ഷ്യ പുരസ്കാര ജേതാവാണ്
  - ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.
  - ഇതിന് പുറമേ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ 10-ാംവാർഷികത്തോടനുബന്ധിച്ച് 100 രൂപ നാണയം പുറത്തിറക്കും
- സെന്റർ ഫോർ റിസർച്ച് ഓൺ എനർജി ആന്റ് ക്ലീൻ എയർ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം 2025 ആദ്യ പകുതിയിൽ ഏറ്റവും മലിനമായ നഗരം

  **Byrnihat** (അസം - മേഘാലയ ബോർഡർ)

  - രണ്ടാമത് - **ഡൽഹി**
- 2025-ൽ ഹരേല ഫെസ്റ്റിവലിന്റെ ഭാഗമായി 5 ലക്ഷം വൃക്ഷതൈകൾ നടുന്ന സംസ്ഥാനം

  **ഉത്തരാഖണ്ഡ്**

## Space

- ആക്സിയം 4 ദൗത്യം ഭൂമിയിൽ തിരികെയെത്തിയത്

  **2025 ജൂലൈ 15**

  - 2025 ജൂൺ 25-ന് വിക്ഷേപിച്ചു
  - ഫാൽക്കൺ 9 റോക്കറ്റിലാണ് വിക്ഷേപിച്ചത്
  - ഈ ദൗത്യത്തിന്റെ ഭാഗമായി ശുഭാൻഷു ശുക്ല അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയിരുന്നു
  - അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യക്കാരൻ - **ശുഭാൻഷു ശുക്ല**
  - ആക്സസിയം സ്പേസ്, ISRO, NASA, ESA എന്നിവരുടെ സംയുക്ത ദൗത്യമാണിത്.

## Sports

- 2028 ഒളിംപിക്സിന്റെ ഔദ്യോഗിക ഉദ്ഘാടനം നടക്കുന്നത്

  **2028 ജൂലൈ 14**

  - എന്നാൽ ക്രിക്കറ്റ് മത്സരങ്ങൾ ജൂലൈ 12-ന് ആരംഭിക്കും.
  - 2028 ഒളിംപിക്സ് വേദി - **ലോസ് ഏഞ്ചൽസ്**
- അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും ചെറിയ രണ്ടാമത്തെ ടീം സ്കോർ നേടിയത്

  **വെസ്റ്റ് ഇൻഡീസ്**

  - ഓസ്ട്രേലിയ്ക്കെതിരെ 27 റൺസിന് പുറത്തായി
  - ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും ചെറിയ ടീം സ്കോർ - **ന്യൂസിലന്റ്** (ഇംഗ്ലണ്ടിനെതിരെ 26 റൺസ്)

## Demise

- 2025 ജൂലൈയിൽ അന്തരിച്ച മാരത്തൺ താരം

  **ഫൗജാ സിങ്**

  - ലണ്ടൻ ഒളിംപിക്സിൽ ദീപശിഖയേന്തിയിട്ടുള്ള ഇദ്ദേഹം വാർധക്യകാലത്തും മാരത്തണിൽ സജീവമായിരുന്നു.

**Today's MCQ**

1. പഞ്ചസാരയുടെ അമിതോപയോഗം ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കാൻ സ്കൂളുകളിൽ 'പഞ്ചസാര ബോർഡ്' സ്ഥാപിക്കാൻ തീരുമാനിച്ച സംസ്ഥാനം

   (a) തെലങ്കാന (b) മഹാരാഷ്ട്ര
   (c) ആന്ധ്രാപ്രദേശ് (d) ഗുജറാത്ത്

2. 2025-ൽ ലോകബാങ്ക് പുറത്തുവിട്ട ഗിനി സൂചിക പ്രകാരം ആഗോളതലത്തിൽ ഏറ്റവും വരുമാന തുല്യതയുള്ള രാജ്യം

   (a) സ്ലോവേനിയ (b) ബെലാറസ്
   (c) ഇന്ത്യ (d) സ്ലോവാക്യ

**Ans : 1 (b), 2 (d)**

TALENT PSC Academy a Veranda Enterprise

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 18.07.2025


7845 89 44 92
8590 57 5710

veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 18.07.2025

## Kerala

- ഭാരത് ബയോടെക്കിന്റെ ഭക്ഷ്യ സംസ്കരണ കേന്ദ്രം കേരളത്തിൽ സ്ഥാപിതമാകുന്നത്

  **കൊച്ചി**

  - ഭാരത് ബയോടെക്കിന് കീഴിലുള്ള 'എല്ല ഫുഡ്സ്' എന്ന സംരംഭമാണ് കൊച്ചിയിൽ ഉത്പാദന കേന്ദ്രം ആരംഭിക്കുന്നത്.

- കേന്ദ്രത്തിന്റെ 'ഒരു ജില്ല, ഒരു ഉത്പന്നം' പദ്ധതിയിൽ പ്രത്യേക പരാമർശം ലഭിച്ച കേരളത്തിലെ കാപ്പിയിനം

  **റോബസ്റ്റ കാപ്പി** (വയനാട്)

  - ഓരോ ജില്ലയിൽ നിന്നും ഒരു തനത് ഉത്പന്നം തിരഞ്ഞെടുത്ത് ബ്രാൻഡ് ചെയ്ത് പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഇന്ത്യയിലുടനീളം തുല്യമായ പ്രാദേശിക വികസനം സാധ്യമാക്കുക എന്നതാണ് ഒരു ജില്ല, ഒരു ഉത്പന്നം പദ്ധതി

## National

- ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ നാടോടി ഗ്രാമം ഉദ്ഘാടനം ചെയ്യപ്പെട്ടത്

  **സിക്കിം**

  - സിക്കിമ്മിലെ Pakyong ജില്ലയിലെ Yakten ഗ്രാമത്തിൽ ഉദ്ഘാടനം ചെയ്തു.
  - ഡിജിറ്റൽ പ്രൊഫഷണലുകൾക്കായി ഒരു ഡിജിറ്റൽ നൊമാഡ് ഹബ് വികസിപ്പിക്കുകയാണ് ലക്ഷ്യം

- ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ കാർബൺ ഫൈബർ കൃത്രിമ കാൽ വികസിപ്പിക്കാൻ ഡി.ആർ.ഡി.ഒ.യുമായി സഹകരിച്ച സ്ഥാപനം

  **എയിംസ് ബിബിനഗർ**

  - ഇന്ത്യയിൽ ആദ്യമായിട്ടാണ് തദ്ദേശീയമായി ചെലവ് കുറഞ്ഞ നൂതന കാർബൺ ഫൈബർ കൃത്രിമ കാൽ രൂപകൽപന ചെയ്യുന്നത്.

## International

- QS ബെസ്റ്റ് സ്റ്റുഡന്റ് സിറ്റീസ് 2026-ൽ ഒന്നാമതുള്ള നഗരം

  **Seoul** (ദക്ഷിണ കൊറിയ)

  - രണ്ടാം സ്ഥാനത്ത് - **ടോക്കിയോ** (ജപ്പാൻ)
  - മൂന്നാം സ്ഥാനത്ത് - **ലണ്ടൻ** (യു.കെ)
  - ഇന്ത്യയിൽ നിന്ന് ഒന്നാം സ്ഥാനത്ത് - **മുംബൈ** (98)
  - രണ്ടാം സ്ഥാനത്ത് - **ഡൽഹി** (104)
  - മൂന്നാം സ്ഥാനത്ത് - **ബംഗളൂരു** (108)

## Science and Technology

- അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്നും കണ്ടെത്തിയ തുമ്പി ഇനം

**ലിറിയോതെമിസ് അബ്രഹാമി**

  - എബ്രഹാം സാമുവലിനോടുള്ള ബഹുമാനാർത്ഥമാണ് സ്പീഷിസിന് ഈ പേര് നൽകിയത്.
  - തെക്കൻ, മധ്യ പശ്ചിമഘട്ടങ്ങളിൽ മാത്രം കാണപ്പെടുന്ന ഈ തുമ്പിയിനം കേരളത്തിലും കർണാടകയിലും ഒന്നിലധികം വനപ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

- അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം ചിത്രശലഭം

**Zographetus mathewi**

## Sports

- 57-ാമത് ഇന്റർനാഷണൽ കെമിസ്ട്രി ഒളിമ്പ്യാഡ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത്

**യു.എസ്.എ**

  - ഇന്ത്യയുടെ സ്ഥാനം **- 6**
  - വേദി - **ദുബായ്**

## Demise

- 2025 ജൂലൈയിൽ അന്തരിച്ച കോട്ടൂർ എറുമ്പിയാട് ഉന്നതിയിലെ ഊര് മൂപ്പനായിരുന്ന വ്യക്തി

**മല്ലൻ കാണി**

  - ഇന്ത്യ സ്വതന്ത്രമാകുന്നതിനും ഏഴുവർഷം മുൻപ് പേപ്പാറ വന്യജീവി സങ്കേതത്തിലെ ആദിവാസി ഊരിൽ റേഡിയോ സംഗീതം കേൾപ്പിച്ച വ്യക്തിയാണ് അദ്ദേഹം.
  - ആരോഗ്യപച്ച എന്ന ഔഷധസസ്യത്തെ ലോകത്തിന് പരിചയപ്പെടുത്തിയ സംഘത്തിൽ അദ്ദേഹമുണ്ടായിരുന്നു.

- 2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത ഫാഷൻ മോഡൽ

**സാൻ റീച്ചൽ ഗാന്ധി**

  - ഫാഷൻ, സൗന്ദര്യ വ്യവസായങ്ങളിലെ വർണ്ണ വിവേചനത്തിനെതിരെ ശക്തമായി വാദിച്ച വ്യക്തിയാണ് സാൻ റീച്ചൽ
  - മുൻ മിസ് പുതുച്ചേരിയും മിസ് ഡാർക്ക് ക്വീൻ തമിഴ്നാടുമായിരുന്നു സാൻ റീച്ചൽ

## Today's MCQ

1. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ കേബിൾ സ്റ്റേ പാലമായ സിഗണ്ടൂർ പാലം ഏത് സംസ്ഥാനത്തിലാണ് ?

   (a) കർണാടക (b) തെലങ്കാന

   (c) ആന്ധ്രാപ്രദേശ് (d) ഒഡീഷ

2. ഇന്ത്യയിലെ ആദ്യ അക്വാ ടെക് പാർക്ക് നിലവിൽ വന്നത്

   (a) ഒഡീഷ (b) മേഘാലയ

   (c) അസം (d) ഗുജറാത്ത്

**Ans : 1 (a), 2 (c)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS
## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS
## 19.07.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 19.07.2025

## Appointment

- ഉക്രൈനിന്റെ പുതിയ പ്രധാനമന്ത്രി

  **Yulia Svyrydenko**

  - ഉക്രൈയ്ൻ പ്രസിഡന്റ് - **Volodymyr Zelenskyy**

## Kerala

- കേരളത്തിൽ ആദ്യമായി കവച് സുരക്ഷാ സംവിധാനമൊരുങ്ങുന്നത്

  **എറണാകുളം സൗത്ത് - ഷൊർണൂർ ജംഗ്ഷൻ**

  - ട്രെയിനുകൾ തമ്മിലുള്ള കൂട്ടിയിടി ഒഴിവാക്കാനുള്ള സംവിധാനമാണ് കവച്

## Book & Author

- 'വിസ്മയ തീരത്ത്' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **പി.ടി. ചാക്കോ**

  - മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ രാഷ്ട്രീയ ജീവചരിത്ര ഗ്രന്ഥമാണിത്.
  - ഉമ്മൻചാണ്ടിയുടെ ആത്മകഥ - **കാലം സാക്ഷി**
  - ഉമ്മൻചാണ്ടി അന്തരിച്ചത് - **2023 ജൂലൈ 18**

## Awards

- **സ്വച്ഛ് സർവേഷൺ 2024-25**

  **സൂപ്പർ സ്വച്ഛ് ലീഗ്**

  - 10 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യ ഉള്ള നഗരങ്ങളിൽ ഒന്നാമത്

    **ഇൻഡോർ** (മധ്യപ്രദേശ്)

  - 3-10 ലക്ഷം - **നോയിഡ** (ഉത്തർപ്രദേശ്)
  - 50,000 - 3 ലക്ഷം - **ഡൽഹി** (ഉത്തർപ്രദേശ്)
  - 20,000 - 50,000 - **വിറ്റ** (മഹാരാഷ്ട്ര)

  **സ്വച്ഛ് ശഹർ**

  - 10 ലക്ഷത്തിലധികം - **അഹമ്മദാബാദ്** (ഗുജറാത്ത്)
  - 3-10 ലക്ഷം - **മിറ-ഭയന്തർ** (മഹാരാഷ്ട്ര)
  - 50,000 - 3 ലക്ഷം - **ദേവാസ്** (മധ്യപ്രദേശ്)
  - 20,000 - 50,000 - **പനാജി** (ഗോവ)

- 2024-25 വർഷത്തെ Poligras Magic Skill അവാർഡിന് അർഹയായ ഇന്ത്യൻ താരം

  **ദീപിക സെഹ്റാവത്ത്**

  - നെതർലന്റിനെതിരെ നേടിയ സോളോ ഗോളിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം
  - ഈ പുരസ്കാരം നേടിയ ആദ്യ ഇന്ത്യൻ താരം

- 2025-ൽ പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരത്തിന് അർഹനായത്

  **ഡോ. കേശവൻ വെളുത്താട്ട്**

  - സാംസ്കാരിക വകുപ്പിന് കീഴിലെ പൈതൃക പഠനകേന്ദ്രമാണ് പുരസ്കാരം നൽകുന്നത്
  - കിരാതാർജ്ജുനീയം, ശിശുപാലവധം, മഹിഷശതകം തുടങ്ങിയ കൃതികൾ സംസ്കൃതത്തിൽ നിന്നും വിവർത്തനം ചെയ്തിരുന്നു.

- **2023-ലെ കേരള കലാ പുരസ്കാരങ്ങൾ**
  - **<u>കഥകളി പുരസ്കാരം</u>**

    **കുറൂർ വാസുദേവൻ നമ്പൂതിരി** (ചെണ്ട)

    **കലാമണ്ഡലം ശങ്കരവാരിയർ** (മദ്ദളം)
  - **<u>പല്ലാവൂർ അപ്പുമാരാർ പുരസ്കാരം</u>**

    **മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ** (ചെണ്ട)
  - **കേരളീയ നൃത്ത നാട്യ പുരസ്കാരം**

    **പി.എൻ. ഗിരിജാദേവി** (കൂടിയാട്ടം)

## National

- അടുത്തിടെ മാലിന്യം ശേഖരിക്കുന്നവർക്കായി ആരംഭിച്ച ഹെൽപ്പ്ലൈൻ നമ്പർ

  **14473**

- രണ്ടാമത് BIMSTEC പോർട്ട് ക്ലോൺക്ലേവിന്റെ വേദി

  **വിശാഖപട്ടണം**

  - BIMSTEC - **Bay of Bengal Initiative for Multi Sectoral Technical and Economic Cooperation**

## Sports

- 2025-ൽ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിച്ച ഇന്ത്യൻ വനിത ഗോൾകീപ്പർ

  **അഥിതി ചൗഹാൻ**

  - യൂറോപ്പിൽ ക്ലബ്ബ് ഫുട്ബോൾ കളിച്ച ആദ്യ ഇന്ത്യൻ വനിതയായിരുന്നു.
  - വെസ്റ്റ് ഹാം യുണൈറ്റഡ് ലേഡീസ് ടീമിന് വേണ്ടിയാണ് കളിച്ചത്

## Demise

- 2025 ജൂലൈയിൽ അന്തരിച്ച ആർക്കിടെക്ട്

  **ആർ.കെ. രമേശ്**

  - മാനാഞ്ചിറ സ്ക്വയറും തുഞ്ചൻ സ്മാരകവും ഉൾപ്പെടെ സംസ്ഥാനത്തെ ഒട്ടേറെ കെട്ടിടങ്ങളും വിനോദ സഞ്ചാരകേന്ദ്രങ്ങളും രൂപകൽപ്പന ചെയ്ത വ്യക്തിയാണ് ഇദ്ദേഹം

## Today's MCQ

1. അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്നും കണ്ടെത്തിയ Zographetus mathewi ഏത് ഇനം ജീവിയാണ് ?

   (a) ചിത്രശലഭം (b) തവള

   (c) അണ്ണാൻ (d) ഓന്ത്

2. അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്നും കണ്ടെത്തിയ ലിറിയോതെമിസ് അബ്രഹാമി ഏത് ഇനം ജീവിയാണ് ?

   (a) ഒച്ച് (b) തുമ്പി

   (c) കുയിൽ (d) പരുന്ത്

**Ans : 1 (a), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




## VALUE ADDED POINTS

## 20.07.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 20.07.2025

## Important Event

- **ജൂലൈ 20 - അന്താരാഷ്ട്ര ചെസ് ദിനം**

  ഇന്റർനാഷണൽ ചെസ് ഫെഡറേഷൻ രൂപീകൃതമായ ജൂലൈ 20 ചെസ് ദിനമായി ആചരിക്കുന്നു
  - 1924 ജൂലൈ 20-ന് ചെസ് ഫെഡറേഷൻ രൂപീകൃതമായി
  - ആസ്ഥാനം - **ലൊസാൻ**
  - 2025-ലെ പ്രമേയം - **Every Move Counts**

## Appointment

- നാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് അതോറിറ്റിയുടെ പുതിയ ചെയർപേഴ്സൺ

  **നിതിൻ ഗുപ്ത**
  - മുൻ CBDT (സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ്) ചെയർമാനായിരുന്നു

## Awards

- ലോകത്തിലെ മികച്ച ഉപഭോക്തൃ ബാങ്കായി, ഗ്ലോബൽ ഫിനാൻസ് മാഗസിൻ തിരഞ്ഞെടുത്ത ബാങ്ക്

  **എസ്.ബി.ഐ.**

## National

- പെൻഷൻ ഔദാര്യമല്ലെന്നും ഭരണഘടനാപരമായ അവകാശമാണെന്നും അടുത്തിടെ വിധി പ്രസ്താവിച്ച കോടതി

  **സുപ്രീം കോടതി**
  - ഒരിക്കൽ പെൻഷൻ അനുവദിച്ചാൽ അത് അവകാശമായി മാറുമെന്നും സുപ്രീംകോടതി കൂട്ടിച്ചേർത്തു.

## International

- 2025 ജൂലൈയിൽ ഭീകരസംഘടനയായി അമേരിക്ക പ്രഖ്യാപിച്ച സംഘടന

  **ദ റെസിസ്റ്റൻസ് ഫ്രണ്ട്** (TRF)
  - ലഷ്കർ-ഇ-തൊയ്ബയുമായി ബന്ധമുള്ള സംഘടനയാണിത്.
  - പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ ഇവരായിരുന്നു.
- വോട്ടിംഗ് പ്രായം 18-ൽ നിന്ന് 16-ലേക്ക് ആക്കാൻ ഒരുങ്ങുന്ന രാജ്യം

  **യു.കെ.**
- ലോകത്തിലാദ്യമായി പരമ്പരാഗത വിജ്ഞാന ഡിജിറ്റൽ ലൈബ്രറി ആരംഭിച്ച രാജ്യം

  **ഇന്ത്യ**

## Sports

- ഫ്രീസ്റ്റൈൽ ഗ്രാൻസ്ലാം ചെസ് ടൂറിന്റെ സെമിയിലെത്തിയ ആദ്യ ഇന്ത്യക്കാരൻ

  **അർജുൻ എറിഗൈസി**

- അടുത്തിടെ സൂപ്പർ ലീഗ് കേരളയുമായി 5 വർഷത്തെ സംപ്രേഷണ കരാറിൽ ഒപ്പുവച്ച അമേരിക്കൻ മീഡിയ ഗ്രൂപ്പ്

  **SEGG**

  - ഏഷ്യയിൽ SEGG സ്വന്തമാക്കുന്ന ആദ്യ ഫുട്ബോൾ തത്സമയ സംപ്രേക്ഷണവകാശമാണിത്.
  - പുതിയ സീസൺ മുതൽ Sports.com-ൽ തത്സമയം സൗജന്യമായി കാണാം

- 2024-25 വർഷത്തെ ഐ-ലീഗ് ജേതാക്കൾ

  **ഇന്റർ കാശി**

  - അന്താരാഷ്ട്ര കായിക തർക്കപരിഹാര കോടതിയിൽ നൽകിയ രണ്ട് അപ്പീലുകളിലും വിധി അനുകൂലമായതോടെ ഇന്റർ കാശിയെ ജേതാക്കളായി പ്രഖ്യാപിച്ചു.
  - നേരത്തേ ചാമ്പ്യൻമാരായി പ്രഖ്യാപിക്കപ്പെട്ട ചർച്ചിൽ ബ്രദേഴ്സ് രണ്ടാമതായി.
  - ആദ്യമായാണ് ഒരു ഇന്ത്യൻ ഫുട്ബോൾ ക്ലബ്ബ് അന്താരാഷ്ട്ര കായിക തർക്ക പരിഹാര കോടതി വരെ പോയി ചാമ്പ്യൻപട്ടം നേടിയെടുക്കുന്നത്.

- 2025 ജൂലൈയിൽ രാജ്യാന്തര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച താരം

  **ആന്ദ്രെ റസ്സൽ**

  - 2012, 2016 T20 ലോകകപ്പ് നേടിയ വെസ്റ്റ് ഇൻഡീസ് ടീമിൽ അംഗമായിരുന്നു

## Demise

- 2025 ജൂലൈയിൽ അന്തരിച്ച അമേരിക്കൻ ഗാനരചയിതാവ്

  **അലൻ ബെർഗ്മാൻ**

  - ഓസ്കാർ പുരസ്കാര ജേതാവ് കൂടിയാണിദ്ദേഹം

## Today's MCQ

1. കേരളത്തിൽ ആദ്യമായി കവച് സുരക്ഷാ സംവിധാനമൊരുങ്ങുന്നത്

   (a) തിരുവനന്തപുരം - കൊല്ലം

   (b) കൊല്ലം - ആലപ്പുഴ

   (c) എറണാകുളം സൗത്ത് - ഷൊർണൂർ ജംഗ്ഷൻ

   (d) പാലക്കാട്- എറണാകുളം

2. 2024-25 വർഷത്തെ Poligras Magic Skill അവാർഡിന് അർഹയായ ഇന്ത്യൻ താരം

   (a) ദീപിക സെഹ്റാവത്ത് (b) ഷർമിള ഗോദ്ര

   (c) നിക്കി പ്രധാൻ (d) സുശീല ചാനു

**Ans : 1 (c), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




VALUE ADDED POINTS

21.07.2025
22.07.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 21.07.2025 & 22.07.2025

## Kerala

- വനിതാഫെഡിന്റെ നേതൃത്വത്തിൽ ആയുഷ് വകുപ്പിന്റെ സഹകരണത്തോടെ ഹോംനേഴ്സ് സേവനം നൽകുന്ന പദ്ധതി

  **സൂതിക മിത്ര**

  - രോഗീ പരിചരണം, പ്രസവ ശുശ്രൂഷ, കൂട്ടിനിരിപ്പിനാള് എന്നിവയ്ക്കായി സന്നദ്ധരായ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി വരുമാനം ഉറപ്പാക്കുന്നതാണ് പദ്ധതി

- കേരള ക്രിക്കറ്റ് ലീഗിന്റെ ഔദ്യോഗിക ഭാഗ്യചിഹ്നങ്ങൾ

  **ബാറ്റേന്തിയ കൊമ്പൻ, മലമുഴക്കി വേഴാമ്പൽ, ചാക്യാർ**

  - 2025 കേരള ക്രിക്കറ്റ് ലീഗ് ലേലത്തിലെ വിലയേറിയ താരം - **സഞ്ജു സാംസൺ**
  - 2024 കെ.സി.എൽ ജേതാക്കൾ - **ഏരീസ് കൊല്ലം സെയിലേഴ്സ്**

- വിപണിയിലെ വ്യാജ വെളിച്ചെണ്ണ തടയാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധന

  **ഓപ്പറേഷൻ നാളികേര**

  - 980 വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളിലും മൊത്ത, ചില്ലറ വെളിച്ചെണ്ണ വ്യാപാര കേന്ദ്രങ്ങളിലും ഉദ്യോഗസ്ഥർ റെയ്ഡ് നടത്തി

- സംസ്ഥാന അതിർത്തികളിൽ നടപ്പിലാക്കുന്ന 'വെർച്വൽ ചെക്ക് പോസ്റ്റ്' സംവിധാനം ആരംഭിക്കുന്നത്

  **വാളയാർ**

  - മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളെ അഴിമതി രഹിതമാക്കുകയാണ് ലക്ഷ്യം

## Science & Technology

- ഇന്ത്യയിലെ ഏറ്റവും ഭാരം കുറഞ്ഞ ആക്ടീവ് റിജിഡ് ഫ്രെയിം വീൽചെയർ

  **YD One**

  - വീൽചെയർ വികസിപ്പിച്ചത് ഐ.ഐ.ടി. മദ്രാസാണ്

- ഇന്ത്യ വികസിപ്പിക്കുന്ന മൾട്ടി-സ്റ്റേജ് മലേറിയ വാക്സിൻ

  **AdFalcivax**

  - ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും ബയോടെക്നോളജി വകുപ്പ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇമ്മ്യൂണോളജിയുമായി സഹകരിച്ചാണ് വികസിപ്പിക്കുന്നത്

## National

- ഒമ്പത് കാരറ്റ് സ്വർണ്ണാഭരണങ്ങൾക്കും ഹാൾമാർക്കിംഗ് നിർബന്ധമാക്കി കേന്ദ്ര ഉപഭോക്തൃ കാര്യ മന്ത്രാലയം
  - നിലവിൽ 24, 23, 22, 20, 18, 14 കാരറ്റുകൾക്കാണ് ഹാൾമാർക്കിംഗ് ഉള്ളത്
  - ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് നിയമം ഭേദഗതി ചെയ്താണ് 9 കാരറ്റ് ഹാൾമാർക്കിംഗ് നിർബന്ധമാക്കിയത്
- ദേശീയ സുരക്ഷാ പ്രസക്തി കണക്കിലെടുത്ത് സൈന്യം ഏറ്റെടുക്കാൻ ഒരുങ്ങുന്ന ലക്ഷദ്വീപിലെ ദ്വീപ്

  **ബിത്ര**

  - രാജ്യ സുരക്ഷാ ആവശ്യങ്ങൾക്കായി പ്രതിരോധ മന്ത്രാലയം ഏറ്റെടുക്കാൻ തീരുമാനിച്ചു
- അടുത്തിടെ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ദേശീയ പ്രാധാന്യമുള്ള സ്മാരകമായി പ്രഖ്യാപിച്ച മിസോറാമിലെ കേന്ദ്രം

  **Lianpui Menhirs**

  - മ്യാൻമർ അതിർത്തിക്കടുത്തുള്ള ലിയാൻപുയി ഗ്രാമത്തിലാണ് സ്മാരക ശിലകൾ സ്ഥിതി ചെയ്യുന്നത്
  - പ്രാദേശികമായി ഇത് ലുങ്ഫുൻ റോപുയി എന്നറിയപ്പെടുന്നു

## International

- ലോകത്തിലെ ആദ്യ മഴ മ്യൂസിയം നിലവിൽ വരുന്നത്

  **മൗസിൻറാം** (മേഘാലയ)

  - മേഘാലയയിലെ ഈസ്റ്റ് ഖാസി കുന്നുകളിൽ സ്ഥിതി ചെയ്യുന്ന മൗസിൻറാമിലാണ് മഴ മ്യൂസിയം നിലവിൽ വരുന്നത്
- യൂറോപ്പിലെ ഏറ്റവും പഴക്കം ചെന്ന തടാക വാസസ്ഥലം കണ്ടെത്തപ്പെട്ടത്

  **അൽബേനിയ**
- 2025-ൽ 80 വർഷം തികയുന്ന ലോകത്തിലെ ആദ്യ അണുബോംബ് പരീക്ഷണം

  **ട്രിനിറ്റി പരീക്ഷണം**

  - 1945 ജൂലൈയിൽ ജെ.റോബർട്ട് ഓപ്പൺഹൈമർ എന്ന ശാസ്ത്രജ്ഞന്റെ നേതൃത്വത്തിലാണ് പരീക്ഷണം നടന്നത്
- 2025 അന്താരാഷ്ട്ര ചാന്ദ്രദിനത്തിന്റെ പ്രമേയം

  **One Moon, One Vision, One Future**

  - അന്താരാഷ്ട്ര ചാന്ദ്ര ദിനം – **ജൂലൈ 20**
- അടുത്തിടെ ചൈനയിൽ വീശിയ ചുഴലിക്കാറ്റ്

  **വിഫ**

## Defence

- 32-ാമത് SIMBEX നാവികാഭ്യാസത്തിന്റെ വേദി

  **സിംഗപ്പൂർ**

  - ഇന്ത്യയും സിംഗപ്പൂരും ചേർന്നുള്ള ഉഭയകക്ഷി സമുദ്രാഭ്യാസമാണിത്

- അടുത്തിടെ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആകാശ് പ്രൈം മിസൈലിന്റെ പരീക്ഷണം നടന്ന സ്ഥലം

  **ലഡാക്ക്**

  - ആകാശ് മിസൈലിന്റെ നവീകരിച്ച വകഭേദമാണ് ആകാശ് പ്രൈം
  - ഹ്രസ്വദൂര ബാലിസ്റ്റിക് മിസൈലായ പൃഥ്വി-II, അഗ്നി-I എന്നിവ ഒഡീഷയിലും പരീക്ഷിച്ചു

- അടുത്തിടെ മലേഷ്യ സന്ദർശിച്ച ഇന്ത്യൻ നാവികസേന കപ്പൽ

  **INS Sandhayak**

## Sports

- ലോക സർവ്വകലാശാല ഗെയിംസ് 2025-ന്റെ വേദി

  **ജർമ്മനി**

## Today's MCQ

1. ലോകത്തിലെ മികച്ച ഉപഭോക്തൃ ബാങ്കായി, ഗ്ലോബൽ ഫിനാൻസ് മാഗസിൻ തിരഞ്ഞെടുത്ത ബാങ്ക്

   (a) എച്ച്.ഡി.എഫ്.സി. (b) യൂണിയൻ ബാങ്ക്
   (c) എസ്.ബി.ഐ. (d) കനറാ ബാങ്ക്

2. 2024-25 വർഷത്തെ ഐ-ലീഗ് ജേതാക്കൾ

   (a) പഞ്ചാബ് എഫ്.സി. (b) ഇന്റർ കാശി
   (c) ചർച്ചിൽ ബ്രദേഴ്സ് (d) മുഹമ്മദൻ എസ്.സി.


**Ans : 1 (c), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം...



VALUE ADDED POINTS

23.07.2025
24.07.2025


7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
## STUDY NOTES 23.07.2025 to 24.07.2025

## Kerala

- 2025-ൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ വിജിലൻസ് നടത്തിയ പരിശോധന

**ഓപ്പറേഷൻ ക്ലീൻ വീൽസ്**

  - സമാനമായ രീതിയിൽ 2022-ൽ വിജിലൻസ് ഓപ്പറേഷൻ ജാസൂസ് എന്ന പരിശോധന മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ നടത്തിയിട്ടുണ്ട്.
  - വ്യാപകമായി കൈക്കൂലി വാങ്ങുന്നു എന്ന വിവരത്തെ തുടർന്നായിരുന്നു പരിശോധന

## Award

- 2025-ൽ എം.കെ. സാനു ഗുരുപ്രസാദ പുരസ്കാരം നേടിയത്

**എൻ.എസ്. മാധവൻ**

  - 2024- ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവാണ് എൻ.എസ്. മാധവൻ

## Book and Author

- കെ.കെ. സന്തോഷ് പകർത്തിയ എം.ടി. വാസുദേവൻ നായരുടെ ചിത്രങ്ങൾ അടങ്ങിയ പുസ്തകം

**എം.ടി. കാലത്തിന്റെ കാൽപ്പാടുകൾ**

## National

- 2025-ൽ സ്ഥാനമൊഴിഞ്ഞ ഇന്ത്യൻ ഉപരാഷ്ട്രപതി

**ജഗദീപ് ധൻകർ**

  - 2022-ൽ മാർഗ്രറ്റ് ആൽവയെ പരാജയപ്പെടുത്തി ഇന്ത്യയുടെ ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു.
  - ഇന്ത്യയുടെ $14^{th}$ ഉപരാഷ്ട്രപതി
  - പശ്ചിമ ബംഗാൾ ഗവർണർ, കേന്ദ്ര സഹമന്ത്രി പദവികൾ വഹിച്ചിട്ടുണ്ട്.
  - രാജസ്ഥാൻ സ്വദേശി
  - ഇന്ത്യയ്ക്ക് ഒരു ഉപരാഷ്ട്രപതി വേണമെന്ന് പ്രതിപാദിക്കുന്ന ആർട്ടിക്കിൾ - **ആർട്ടിക്കിൾ 63**
  - രാജ്യസഭയുടെ അധ്യക്ഷൻ ഉപരാഷ്ട്രപതിയാണ്.
  - ഉപരാഷ്ട്രപതിയാകാൻ വേണ്ട കുറഞ്ഞ പ്രായം - **35**

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ സുരക്ഷയും ശാക്തീകരണവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ശക്തിശ്രീ പദ്ധതി ആരംഭിച്ച സംസ്ഥാനം

**ഒഡീഷ**

  - ഒഡീഷ മുഖ്യമന്ത്രി - **മോഹൻ ചരൺ മാജി**

- അടുത്തിടെ AI സഹായത്തോടെ കൊതുക് ശല്യം നിയന്ത്രിക്കാൻ 'സ്മാർട്ട് മൊസ്കിറ്റോ സർവൈലൻസ് സിസ്റ്റം' (SMoSS) ആരംഭിച്ച സംസ്ഥാനം

**ആന്ധ്രാപ്രദേശ്**

  - ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി - **ചന്ദ്രബാബു നായിഡു**

- ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രീൻ ഹൈഡ്രജൻ എക്കോസിസ്റ്റം ആരംഭിക്കാൻ ഒരുങ്ങുന്ന സംസ്ഥാനം

**ആന്ധ്രാപ്രദേശ്**

- ഇന്ത്യയിലാദ്യമായി മൈനിംഗ് ടൂറിസം പദ്ധതി ആരംഭിക്കുന്ന സംസ്ഥാനം

**ജാർഖണ്ഡ്**

  - ജാർഖണ്ഡ് മുഖ്യമന്ത്രി - **ഹേമന്ത് സോറൻ**

- ഓരോ പോളിംഗ് സ്റ്റേഷനിലും 1200-ൽ താഴെ വോട്ടർമാരെ ഉൾക്കൊള്ളുന്ന രാജ്യത്തെ ആദ്യ സംസ്ഥാനം

**ബീഹാർ**

  - മൊബൈൽ വഴി ഇ-വോട്ടിംഗ് നടത്തിയ ആദ്യ സംസ്ഥാനം - **ബീഹാർ**
  - ബീഹാർ മുഖ്യമന്ത്രി - **നിതീഷ് കുമാർ**

- ഇന്ത്യയിലെ ആദ്യത്തെ വേഴാമ്പൽ സംരക്ഷണ കേന്ദ്രം നിലവിൽ വരുന്നത്

**തമിഴ്നാട്**

  - ആനമലൈ ടൈഗർ റിസർവിലാണ് നിലവിൽ വരുന്നത്
  - 'ഫാർമേഴ്സ് ഓഫ് ഫോറസ്റ്റ്' എന്നറിയപ്പെടുന്നത് വേഴാമ്പലാണ്
  - കേരളം, അരുണാചൽ പ്രദേശ് സംസ്ഥാനങ്ങളുടെ ഔദ്യോഗിക പക്ഷിയാണ് വേഴാമ്പൽ
  - ഹോൺബിൽ ഫെസ്റ്റിവൽ നടക്കുന്ന സംസ്ഥാനം - **നാഗാലാന്റ്**

## International

- 2025-ൽ മാലിദ്വീപ് സ്വാതന്ത്ര്യദിനത്തിന്റെ ($60^{th}$) മുഖ്യാതിഥി

**നരേന്ദ്ര മോദി**

  - 2023-ൽ ഫ്രാൻസിന്റെ ബാസ്റ്റിൽ ദിന പരേഡിൽ മോദി മുഖ്യാതിഥിയായിരുന്നു
  - 2025-ൽ മൗറീഷ്യസിന്റെ ദേശീയ ദിനത്തിൽ മോദി മുഖ്യാതിഥിയായി

- ലോകത്തിലെ ഏറ്റവും വലിയ ഹൈഡ്രോപവർ ഡാം ടിബറ്റിൽ നിർമ്മിക്കുന്ന രാജ്യം

**ചൈന**

  - ബ്രഹ്മപുത്ര നദിയിലാണ് നിർമ്മാണം

- അമേരിക്കയെ ക്രിപ്റ്റോ, ആസ്ഥാനമാക്കുമെന്ന പ്രഖ്യാപനത്തോടെ ഡൊണാൾ ട്രംപ് ഒപ്പുവച്ച നിയമം

**ജീനിയസ് ആക്ട്**

  - GENIUS - **Guiding and Establishing National Innovation for US Stablecoins**
  - ഡോളറിന്റെ പിന്തുണയോടെ ക്രിപ്റ്റോ കറൻസികൾക്ക് നിയമ സാധുത നൽകുന്നതാണ് നിയമം

- 2025 ജൂലൈയിൽ UNESCO-യിൽ നിന്ന് പിന്മാറിയ രാജ്യം

**അമേരിക്ക**

  - 2025-ൽ ലോകാരോഗ്യസംഘടന, പാരീസ് കാലാവസ്ഥ ഉടമ്പടി എന്നിവയിൽ നിന്നും യു.എസ്. പിന്മാറിയിരുന്നു.

- 2025-ൽ IMF-ന്റെ ഡെപ്യൂട്ടി മാനേജർ സ്ഥാനമൊഴിയുന്നത്

**ഗീത ഗോപിനാഥ്**

  - ഈ സ്ഥാനത്തെത്തിയ ആദ്യ വനിത
  - ഇന്ത്യൻ വംശജയാണ്

## Sports

- 2027, 2029, 2031 വർഷങ്ങളിൽ ICC ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന് വേദിയാകുന്നത്

**ഇംഗ്ലണ്ട്**

  - ഇതുവരെ നടന്ന (2021, 2023, 2025) ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന് വേദിയായത് ഇംഗ്ലണ്ടാണ്
  - 2025 ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ജേതാക്കൾ - **ദക്ഷിണാഫ്രിക്ക** (റണ്ണറപ്പ് - **ഓസ്ട്രേലിയ**)

- 2025 ചെസ് ലോകകപ്പ് വേദി

**ഇന്ത്യ**

  - ഇന്ത്യയിൽ എവിടെയാണ് നടക്കുന്നത് എന്ന് ഔദ്യോഗിക തീരുമാനം വന്നിട്ടില്ല.
  - ഇന്ത്യ വേദിയാകുന്നത് 2-ാം തവണ
  - 2002-ൽ ഇന്ത്യ (ഹൈദരാബാദ്) ആദ്യമായി ചെസ് ലോകകപ്പിന് വേദിയായി (ജേതാവ് - **വിശ്വനാഥൻ ആനന്ദ്**)

- വനിത ചെസ് ലോകകപ്പ് സെമിയിലെത്തിയ ആദ്യ ഇന്ത്യൻ വനിത

**കൊനേരു ഹംപി**

  - കൊനേരു ഹംപിയെ കൂടാതെ ദിവ്യ ദേശ്മുഖും സെമിയിലെത്തി.
  - ജോർജിയയിലാണ് മത്സരം നടക്കുന്നത്.

- നരെയ്ൻ കാർത്തികേയന്റെ ജീവിതം ആസ്പദമാക്കി സിനിമ സംവിധാനം ചെയ്യുന്നത്

**മഹേഷ് നാരായണൻ**

  - ഫോർമുല വൺ കാറോട്ട മത്സരത്തിൽ പങ്കെടുത്ത ആദ്യ ഇന്ത്യൻ ഡ്രൈവറാണ് നരെയ്ൻ കാർത്തികേയൻ

- 2025-ൽ ലാസ് വെഗാസിൽ നടന്ന ഫ്രീസ്റ്റൈൽ ചെസ് ഗ്രാന്റ്സ്ലാമിൽ കിരീടം നേടിയത്

**Levon Aronian**

## Demise

- 2025 ജൂലൈയിൽ അന്തരിച്ച മുൻ കേരള മുഖ്യമന്ത്രി

**വി.എസ്. അച്യുതാനന്ദൻ**

- മുഴുവൻ പേര് - **വേലിക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ**
- ജനനം - **1923 ഒക്ടോബർ 20**
- മരണം - **2025 ജൂലൈ 21**
- ആസ്പിൻവാൾ കയർ ഫാക്ടറിയിൽ ജോലി നോക്കി
- 1946 പുന്നപ്ര വയലാർ സമരത്തിന്റെ ഭാഗമായി
- 1963 ൽ ചൈനീസ് ചാരനെന്ന പേരിലും 1975 അടിയന്തരാവസ്ഥാ കാലത്തും ജയിൽവാസം
- ആദ്യമായി നിയമസഭയിലേക്ക് മത്സരിച്ചത് 1965 അമ്പലപ്പുഴയിൽ നിന്ന്. പക്ഷേ പരാജയപ്പെട്ടു (കെ.കൃഷ്ണകുറുപ്പിനോട്)
- വി.എസ്. ആദ്യമായി നിയമസഭയിൽ അംഗമായത് 1967 (മണ്ഡലം - അമ്പലപ്പുഴ)

  (എ അച്യുതനെ പരാജയപ്പെടുത്തി)
- 1992-1996, 2001-2006, 2011-2016 കാലയളവിൽ പ്രതിപക്ഷ നേതാവ്
- കേരളത്തിൽ ഏറ്റവും കൂടുതൽ കാലം പ്രതിപക്ഷ നേതാവായിരുന്ന വ്യക്തി
- 2006-2011 കാലയളവിൽ കേരള മുഖ്യമന്ത്രി (കേരളത്തിന്റെ 20-ാമത് മുഖ്യമന്ത്രി 11-ാമത് വ്യക്തി)
- കേരളം സുവർണ ജൂബിലി ആഘോഷിക്കുന്ന സമയത്തെ മുഖ്യമന്ത്രി
- കേരള മുഖ്യമന്ത്രിയായ ഏറ്റവും പ്രായം കൂടിയ വ്യക്തി
- രാജ്ഭവന് പുറത്ത് സത്യപ്രതിജ്ഞ ചെയ്ത ആദ്യ കേരള മുഖ്യമന്ത്രി
- 2016-2021 കാലയളവിൽ ഭരണ പരിഷ്കരണ കമ്മീഷൻ അധ്യക്ഷൻ
- ഏറ്റവും കൂടുതൽ കാലം പ്രതിപക്ഷ നേതാവായിരുന്നു.
- ആത്മകഥ - **സമരം തന്നെ ജീവിതം**
- മറ്റ് രചനകൾ - **അയ്യങ്കാളി മുതൽ പശ്ചിമഘട്ടം വരെ, സമരത്തിന് ഇടവേളകളില്ല, ഇരകൾ വേട്ടയാടപ്പെടുമ്പോൾ, ഇടപെടലുകൾക്ക് അവസാനമില്ല.**

## Today's MCQ

1. കേരള ക്രിക്കറ്റ് ലീഗിന്റെ ഔദ്യോഗിക ഭാഗ്യചിഹ്നങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

   (a) ബാറ്റേന്തിയ കൊമ്പൻ (b) മലമുഴക്കി വേഴാമ്പൽ

   (c) ചാക്യാർ (d) പൊൻമാൻ

2. വിപണിയിലെ വ്യാജ വെളിച്ചെണ്ണ തടയാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധന

   (a) ഓപ്പറേഷൻ നാളികേര (b) ഓപ്പറേഷൻ ഓയിൽ

   (c) ഓപ്പറേഷൻ കേര (d) ഓപ്പറേഷൻ നീര

**Ans : 1 (d), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
25-26



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 25.07.2025 to 26.07.2025

## National

- തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രി പദത്തിലിരുന്നവരിൽ രണ്ടാം സ്ഥാനത്തെത്തിയ പ്രധാനമന്ത്രി

**നരേന്ദ്ര മോദി**

- ഇന്ദിരാഗാന്ധിയുടെ പേരിലുണ്ടായിരുന്ന റെക്കോർഡാണ് മറികടന്നത് (4077 ദിവസം)
- തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രി പദത്തിലിരുന്നത് – **ജവഹർലാൽ നെഹ്റു** (6130 ദിവസം)
- നാലാമത് – **മൻമോഹൻ സിങ്** (3655 ദിവസം)
- 2014, 2019, 2024 വർഷങ്ങളിലാണ് നരേന്ദ്ര മോദി പ്രധാനമന്ത്രിയായി സത്യപ്രസിജ്ഞ ചെയ്തത്

## International

- Numbeo Safety Index അർദ്ധവാർഷിക റിപ്പോർട്ട് 2025 പ്രകാരം ലോകത്ത് ഏറ്റവും സുരക്ഷിതമായ രാജ്യം

**യു.എ.ഇ.**

- രണ്ടാം സ്ഥാനത്ത് – **അൻഡോറ**
- മൂന്നാം സ്ഥാനത്ത് – **ഖത്തർ**
- ഇന്ത്യയുടെ സ്ഥാനം – **67**
- ഏറ്റവും അവസാന സ്ഥാനത്തുള്ളത് – **ഹെയ്ത്തി** (148)

- Numbeo Safety Index അർദ്ധവാർഷിക റിപ്പോർട്ട് 2025 പ്രകാരം ലോകത്ത് ഏറ്റവും സുരക്ഷിതമായ നഗരം

**അബുദാബി**

- രണ്ടാം സ്ഥാനം – **ദോഹ**
- മൂന്നാം സ്ഥാനം – **ദുബായ്**
- അഹമ്മദാബാദ് – **77**

- ഇന്ത്യയിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർക്ക് നിയമനം നൽകരുതെന്ന് ഗൂഗിൾ, മൈക്രോസോഫ്റ്റ് കമ്പനികൾക്ക് നിർദ്ദേശം നൽകിയ രാജ്യം

**യു.എസ്.**

- ചൈനയിൽ വ്യവസായശാലകൾ പണിയുന്നതും ഇന്ത്യയിൽ നിന്നുള്ളവർക്ക് ജോലി നൽകുന്നതും അമേരിക്കൻ കമ്പനികൾ അവസാനിപ്പിക്കണമെന്നും പകരം രാജ്യത്തുള്ളവർക്ക് തൊഴിലവസരങ്ങൾ നൽകണമെന്നും ട്രംപ് നിർദ്ദേശിച്ചു.

- 2025 ജൂലൈയിൽ ഇന്ത്യയുമായി സ്വതന്ത്ര വ്യാപാരക്കരാറിൽ ഒപ്പുവച്ച രാജ്യം

**യു.കെ.**

<u>**പ്രധാന വ്യവസ്ഥകൾ**</u>

- ഇന്ത്യൻ വസ്ത്രങ്ങൾക്ക് യു.കെ.യിലുള്ള 8-12% ഇറക്കുമതി നികുതി നീക്കും
- സ്വർണം, ഡയമണ്ട് ആഭരണങ്ങൾക്കും തുകൽ ഉത്പന്നങ്ങൾക്കും യു.കെ.യിൽ നികുതിയില്ല.
- ആറ് ബ്രിട്ടീഷ് സർവകലാശാലകൾ ഇന്ത്യയിൽ ക്യാമ്പസ് തുറക്കും
- ബ്രിട്ടനിൽ നിന്നുള്ള സ്കോച്ച് വിസ്കിയും ജിന്നും 150% മുതൽ 75% വരെ നികുതി നൽകുന്നത് 10 വർഷംകൊണ്ട് 40% മായി കുറയ്ക്കും.
- യു.കെ. നിർമിത ആഡംബരവാഹനങ്ങൾക്ക് 100% മുകളിലുള്ള നികുതി 10% മായി കുറയ്ക്കും.
- കരാറുകൾ ഏറ്റെടുക്കാൻ ബ്രിട്ടീഷ് കമ്പനികൾക്ക് അവസരം
- ബിരുദങ്ങൾ അംഗീകരിക്കും വിസാ ചട്ടങ്ങളിൽ ഇളവ് നൽകും.

## Space

- ഭൂഗോള നിരീക്ഷണത്തിനായി ഐ.എസ്.ആർ.ഒ.യും നാസയും ചേർന്ന് വികസിപ്പിക്കുന്ന ഉപഗ്രഹം

**നിസാർ**

- ISRO-യുടെ GSLV-F 16 റോക്കറ്റിൽ 2025 ജൂലൈ 30 ന് വിക്ഷേപിക്കാൻ ഒരുങ്ങുന്നു.
- ISRO-യുടെയും നാസയുടെയും ആദ്യ സംയുക്ത ഉപഗ്രഹമാണ് NASA-ISRO Synthetic Aperture Radar (NISAR)
- ഓരോ പന്ത്രണ്ട് ദിവസം കൂടുമ്പോഴും ഭൂഗോള നിരീക്ഷണം പൂർത്തിയാകും.

## Science & Technology

- വി.എസ്. അച്യുതാനന്ദനോടുള്ള ആദരസൂചകമായി അടുത്തിടെ പേര് നൽകപ്പെട്ട സസ്യം

**ഇംപേഷ്യൻസ് അച്യുതാനന്ദനി**

- 2021-ൽ കേരള സർവകലാശാലയിലെ ഗവേഷണ വിദ്യാർത്ഥിനിയാണ് സസ്യത്തെ കണ്ടെത്തിയത്

## Defence

- 2025-ൽ ഇന്ത്യൻ സേനയിൽ നിന്ന് വിരമിക്കുന്ന യുദ്ധവിമാനം

**മിഗ് - 21**

- ഇതിനുപകരം തേജസ് മാർക്ക് വൺ എ വിമാനങ്ങൾ സേനയിൽ ഉൾപ്പെടുത്തും.
- റഷ്യൻ വിമാന നിർമാതാക്കളായിരുന്ന 'മികോയാൻ ഗുരേവിച്ച്' ചുരുക്കിയാണ് 'മിഗ്' എന്നാക്കിയത്
- അടുത്തിടെയായി പതിവായി മിഗ് - 21 അപകടത്തിൽപ്പെട്ടിരുന്നു.

## Sports

- ചെസ് ലോകകപ്പ് ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ വനിത താരം

  **ദിവ്യ ദേശ്മുഖ്**

  - ചൈനീസ് താരം ടാൻസോംഗ് ഇ-യെ തോൽപ്പിച്ചാണ് ദിവ്യ ഫൈനലിൽ എത്തിയത്.
  - ഇന്ത്യൻ ചെസ് താരം കൊനേരു ഹംപിയും ഫൈനലിൽ എത്തി
  - ആദ്യമായാണ് രണ്ട് ഇന്ത്യൻ താരങ്ങൾ ലോകകപ്പ് ഫൈനലിൽ ഏറ്റുമുട്ടുന്നത്.
  - വേദി - **ജോർജിയ**

## Demise

- 2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത നാടക സംവിധായകൻ

  **രതൻ ഥിയാം**

  - പ്രശസ്ത നാടകങ്ങൾ - **ചക്രവ്യൂഹ, ഉത്തർ പ്രിയദർശി, ഹേ നുങ്ഷിബി പൃഥി, ചിങ്ലോൺ മപൻ തമ്പക് അമാ**
  - നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ചെയർപേഴ്സണായി സേവനം അനുഷ്ഠിച്ചിരുന്നു.
  - മണിപ്പൂർ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്, സംഗീതനാടക അക്കാദമി അവാർഡ് (1987), പത്മശ്രീ (1989) എന്നിവ ലഭിച്ചിട്ടുണ്ട്. (നാഷണലിസ്റ്റ് സോഷ്യലിസ്റ്റ് കൗൺസിൽ ഓഫ് നാഗാലാന്റുമായുള്ള വെടിനിർത്തൽ നീട്ടാനുള്ള കേന്ദ്ര തീരുമാനത്തിൽ പ്രതിഷേധിച്ച് 2001-ൽ പത്മശ്രീ ഉപേക്ഷിച്ചു)

- 2025 ജൂലൈയിൽ അന്തരിച്ച അമേരിക്കൻ ഗുസ്തിതാരം

  **ഹൾക്ക് ഹോഗൻ**

  - യഥാർത്ഥ പേര് - **Terry Gene Bollea**

## Today's MCQ

1. ഇന്ത്യയിലെ ആദ്യത്തെ വേഴാമ്പൽ സംരക്ഷണ കേന്ദ്രം നിലവിൽ വരുന്നത്

   (a) കേരളം (b) നാഗാലാന്റ്

   (c) തമിഴ്നാട് (d) അരുണാചൽ പ്രദേശ്

2. ഓരോ പോളിംഗ് സ്റ്റേഷനിലും 1200-ൽ താഴെ വോട്ടർമാരെ ഉൾക്കൊള്ളുന്ന രാജ്യത്തെ ആദ്യ സംസ്ഥാനം

   (a) ഒഡീഷ (b) ബീഹാർ

   (c) തെലങ്കാന (d) ഗുജറാത്ത്

**Ans : 1 (c), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
27



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 27.07.2025

## Appointment

- ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ മേധാവി

  **അജയ് സേത്ത്**

  - മുൻ ധനകാര്യ സെക്രട്ടറിയായിരുന്നു.
  - ഇൻഷുറൻസ് മേഖലയിലെ നിയന്ത്രണ ഏജൻസിയാണ് ഐ.ആർ.ഡി.എ

- IGNOU യുടെ പുതിയ വൈസ് ചാൻസലർ

  **Uma Kanjilal**

  - ഈ സ്ഥാനത്തെത്തിയ ആദ്യ വനിത

## Book and Author

- എന്റെ ജീവിതപഥങ്ങൾ എന്ന ആത്മകഥയുടെ രചയിതാവ്

  **പ്രൊഫ.പി.എസ്. വേലായുധൻ**

  - ഇക്കണ്ട വാര്യർ, പണ്ഡിറ്റ് കറുപ്പൻ, കെ. മാധവൻ, തപസ്വിനി അമ്മ, സഹോദരൻ അയ്യപ്പൻ തുടങ്ങിയ വ്യക്തികളെ കുറിച്ച് ആത്മകഥയിൽ പരാമർശിക്കുന്നു.
  - ഈ ആത്മകഥ പുനപ്രസിദ്ധീകരിക്കുന്നു

## Award

- 2025 ലോകമാന്യ തിലക് അവാർഡിന് അർഹനായത്

  **നിതിൻ ഗഡ്കരി** (കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി)

  - 2024-ലെ അവാർഡ് - **സുധ മൂർത്തി**
  - 2023-ലെ അവാർഡ് - **നരേന്ദ്ര മോദി**
  - ബാലഗംഗാധര തിലകിന്റെ ചരമദിനമായ ആഗസ്റ്റ് 1-ന് പുരസ്കാരം സമ്മാനിക്കും
  - സമ്മാനത്തുക - **1 ലക്ഷം രൂപ**

## National

- നാഷണൽ സ്പോർട്സ് ഗവേണൻസ് ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്

  **2025 ജൂലൈ 23**

  - കേന്ദ്ര കായിക യുവജനകാര്യ വകുപ്പ് മന്ത്രി മൻസുഖ് മാണ്ഡവ്യ ബിൽ അവതരിപ്പിച്ചു.
  - ഇന്ത്യയിലെ കായിക ഭരണ സംവിധാനത്തിൽ പരിവർത്തനം വരുത്തുന്ന ബില്ലാണിത്.

- ദേശീയ സഹകരണ നയം 2025 പുറത്തിറക്കിയത്

**2025 ജൂലൈ 24**

  - സഹകരണ മേഖലയെ പുനരുജ്ജീവിപ്പിക്കാനും ആധുനികവത്കരിക്കാനും ലക്ഷ്യമിടുന്നതാണ് പദ്ധതി.
  - ദേശീയ സഹകരണനയം 2025-ന്റെ ഡ്രാഫ്റ്റിംങ് കമ്മിറ്റി ചെയർമാൻ

**സുരേഷ് പ്രഭാകർ പ്രഭു**

## International

- പാലസ്തീനെ സ്വതന്ത്ര രാജ്യമായി അംഗീകരിച്ച ആദ്യ G7 രാജ്യം

**ഫ്രാൻസ്**

  - ഫ്രാൻസ് പ്രസിഡന്റ് - **ഇമ്മാനുവേൽ മാക്രോൺ**
  - പാലസ്തീനെ സ്വതന്ത്ര രാജ്യമായി അംഗീകരിച്ച ആദ്യ രാജ്യം

**റഷ്യ**

- 2025 ജൂലൈയിൽ പുറത്തുവിട്ട ഹെൻലി പാസ്പോർട്ട് ഇൻഡക്സിൽ ഒന്നാമതുള്ളത്

**സിംഗപ്പൂർ** (193 രാജ്യങ്ങളിൽ വിസയില്ലാതെ സന്ദർശിക്കാം)

  - രണ്ടാമത് - **ജപ്പാൻ, ദക്ഷിണ കൊറിയ** (190 രാജ്യങ്ങളിൽ വിസയില്ലാതെ സന്ദർശിക്കാം)
  - ഇന്ത്യ - **77-ാമത്** (59 രാജ്യങ്ങളിൽ വിസയില്ലാതെ സന്ദർശിക്കാം)
  - ബുർക്കിന ഫാസോ, Cote d' Ivoire, സെനഗൽ എന്നിവരും 77-ാമതാണ്.

- എമറാൾഡ് ട്രയാങ്കിളുമായി ബന്ധപ്പെട്ട് കിടക്കുന്ന ഏഷ്യൻ രാജ്യങ്ങൾ

**ലാവോസ്, കംബോഡിയ, തായ്‌ലന്റ്**

  - ഈ മൂന്ന് രാജ്യങ്ങളുടെയും അതിർത്തിയിലുള്ള പ്രദേശമാണിത്.
  - ഈ പ്രദേശത്തെക്കുറിച്ച് കംബോഡിയയും തായ്‌ലന്റും തമ്മിൽ തർക്കം നിലനിൽക്കുന്നു. 2025 ജൂലൈയിൽ യുദ്ധസമാനമായ അന്തരീക്ഷമാണ്.

## Sports

- 2025 പുരുഷ ഏഷ്യാകപ്പ് ക്രിക്കറ്റ് വേദി

**യു.എ.ഇ**

  - T 20 ഫോർമാറ്റിലാണ് മത്സരം
  - 2023 ഏഷ്യാകപ്പ് ജേതാക്കൾ - **ഇന്ത്യ**

    (വേദി - **ശ്രീലങ്ക, പാകിസ്ഥാൻ**)

◆ പുരുഷന്മാരുടെ പോൾവാൾട്ടിൽ ഇന്ത്യയുടെ ദേശീയ റെക്കോഡ് നേടിയത്

**ദേവ്കുമാർ മീണ**

- 5.40 മീറ്റർ മറികടന്നാണ് റെക്കോഡിട്ടത്
- പോൾവാൾട്ടിലെ ലോക റെക്കോർഡ് – **അർമാൻഡ് ഡുപ്ലാന്റിസ്**

**<u>Today's MCQ</u>**

1. Numbeo Safety Index അർദ്ധവാർഷിക റിപ്പോർട്ട് 2025 പ്രകാരം ലോകത്ത് ഏറ്റവും സുരക്ഷിതമായ രാജ്യം

   (a) അൻഡോറ (b) യു.എ.ഇ.

   (c) ഖത്തർ (d) യു.കെ.

2. 2025 ജൂലൈയിൽ ഇന്ത്യയുമായി സ്വതന്ത്ര വ്യാപാരക്കരാറിൽ ഒപ്പുവച്ച രാജ്യം

   (a) യു.എസ്. (b) ചൈന

   (c) റഷ്യ (d) യു.കെ.

**Ans : 1 (b), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY 28-29



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 28.07.2025 TO 29.07.2025

## Appointment

- കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ചെയർമാൻ

  **കെ. മധു**

  - ഷാജി എൻ കരുണിന്റെ വിയോഗത്തെ തുടർന്നുള്ള ഒഴിവിലേക്കാണ് നിയമനം.

## Kerala

- അയ്യപ്പൻ തീയാട്ടിൽ അരങ്ങേറ്റം കുറിച്ച ആദ്യ വനിത

  **ആര്യാദേവി**

  - അയ്യപ്പൻ തീയാട്ട് കലാകാരനായ തീയാടി രാമൻ നമ്പ്യാരുടെ മകളാണ്.
  - അയ്യപ്പൻ തീയാട്ട് ഒരു അനുഷ്ഠാന കലാരൂപമാണ്

## Award

- **16-ാമത് ജെ.സി. ഡാനിയൽ ഫൗണ്ടേഷൻ ചലച്ചിത്ര പുരസ്കാരങ്ങൾ**
  - മികച്ച നടൻ – **ആസിഫ് അലി** (കിഷ്കിന്ധാകാണ്ഡം, ലെവൽ ക്രോസ്)
  - മികച്ച നടി – **ചിന്നു ചാന്ദ്നി** (വിശേഷം)
  - മികച്ച സിനിമ – **ഫെമിനിച്ചി ഫാത്തിമ**
  - മികച്ച സംവിധായകൻ – **ചിദംബരം** (മഞ്ഞുമ്മൽ ബോയ്സ്)
  - മികച്ച ഗായകൻ – **വേടൻ** (ഹിരൺദാസ് മുരളി) (കൊണ്ടൽ, മഞ്ഞുമ്മൽ ബോയ്സ്)
  - 2024-ലെ ചിത്രങ്ങൾ പരിഗണിച്ചാണ് പുരസ്കാരം പ്രഖ്യാപിച്ചത്
- 2025-ൽ PEN ട്രാൻസലേറ്റ്സ് അവാർഡിന് അർഹമായ ഗീതാഞ്ജലിശ്രീയുടെ പുസ്തകം

  **Once Elephants Lived Here**

  - വിവർത്തനം ചെയ്തത് – **ഡെയ്സി റോക്ക്വെൽ**
  - 2022-ലെ ഇന്റർനാഷണൽ ബുക്കർ പ്രൈസ് ഗീതാഞ്ജലിശ്രീയ്ക്ക് ലഭിച്ചിരുന്നു.

    (കൃതി – **ടോംമ്പ് ഓഫ് സാൻഡ്**, വിവർത്തനം – **ഡെയ്സി റോക്ക്വെൽ**)

## National

- മണിപ്പൂരിലെ രാഷ്ട്രപതി ഭരണത്തിന്റെ കാലയളവ് നീട്ടി.
  - 2026 ഫെബ്രുവരി 13 വരെയാണ് നീട്ടിയത്.
  - 2025 ഫെബ്രുവരി 13 നാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം നിലവിൽ വന്നത്.

## International

- 2025 IUCN വേൾഡ് കൺസർവേഷൻ കോൺഗ്രസ് വേദി

  **അബുദാബി**

## Defence

- കരസേനയുടെ വിവിധ യൂണിറ്റുകളെ കോർത്തിണക്കി രൂപീകരിക്കുന്ന സർവാംഗസേന

  **രുദ്ര ബ്രിഗേഡ്**

  - കാർഗിൽ വിജയദിനാചരണ വേളയിൽ കരസേനാ മേധാവി ഉപേന്ദ്ര ദ്വിവേദിയാണ് ഇക്കാര്യം അറിയിച്ചത്.
  - ഇതിന് പുറമേ അതിർത്തിയിലെ സേനാ നീക്കങ്ങൾക്കായി ഭൈരവ് എന്ന പേരിൽ ലൈറ്റ് കമാൻഡോ ബറ്റാലിയനുകളും രൂപീകരിച്ചു.

## Sports

- 2025 വനിത യൂറോകപ്പ് ജേതാക്കൾ

  **ഇംഗ്ലണ്ട്** (ഇംഗ്ലണ്ടിന്റെ തുടർച്ചയായ രണ്ടാം കിരീടം)

  - റണ്ണറപ്പ് - **സ്പെയിൻ**
  - വേദി - **സ്വിറ്റ്സർലന്റ്**
  - 2023 ഫിഫ വനിത ലോകകപ്പിൽ ഏറ്റുമുട്ടിയതും ഇംഗ്ലണ്ടും സ്പെയിനുമാണ് (ജേതാക്കൾ - **സ്പെയിൻ**)
  - 2024 പുരുഷ യൂറോകപ്പ് ജേതാക്കൾ - **സ്പെയിൻ** (റണ്ണറപ്പ് - **ഇംഗ്ലണ്ട്**)

- 2025-ൽ അന്താരാഷ്ട്ര വനിത ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ താരം

  **വേദ കൃഷ്ണമൂർത്തി**

## Demise

- 2025 ജൂലൈയിൽ അന്തരിച്ച ഇംഗ്ലീഷ് ഡോക്ടർ

  **David Nunes Nabarro**

  - കോവിഡ്, എബോള, പക്ഷിപ്പനി തുടങ്ങിയവയെ നേരിടാനുള്ള ലോകാരോഗ്യ സംഘടനയുടെ പരിശ്രമങ്ങൾക്ക് നേതൃത്വം നൽകി.
  - ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളും പട്ടിണിക്കെതിരായ പോരാട്ടവും കണക്കിലെടുത്ത് 2018-ൽ വേൾഡ് ഫുഡ് പ്രൈസ് ലഭിച്ചു.
  - കോവിഡ് കാലത്തെ പ്രവർത്തനങ്ങളെ മാനിച്ച് 2023-ൽ ചാൾസ് മൂന്നാമൻ രാജാവ് അദ്ദേഹത്തെ ആദരിച്ചു.
  - 2017-ൽ WHO യുടെ തലപ്പത്തേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിച്ചു. പക്ഷേ പരാജയപ്പെട്ടു.

## Today's MCQ

1. 2025 ലോകമാന്യ തിലക് അവാർഡിന് അർഹനായത്

   (a) നരേന്ദ്ര മോദി (b) സുധ മൂർത്തി

   (c) അമിത് ഷാ (d) നിതിൻ ഗഡ്കരി

2. 2025 പുരുഷ ഏഷ്യാകപ്പ് ക്രിക്കറ്റ് വേദി

   (a) ഇന്ത്യ (b) യു.എ.ഇ

   (c) ശ്രീലങ്ക (d) പാകിസ്ഥാൻ

**Ans : 1 (d), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
30




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS STUDY NOTES 30.07.2025

## Kerala

- മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരെ സംസ്കരിച്ച പുത്തുമലയിലെ ശ്മശാനഭൂമിക്ക് നൽകിയ പേര്

  **ജൂലൈ 30 ഹൃദയഭൂമി**

  - മേപ്പാടി ഗ്രാമ പഞ്ചായത്താണ് ഇങ്ങനെ പേരു നൽകാൻ തീരുമാനിച്ചത്.
  - 2025 ജൂലൈ 30-ന് ദുരന്തത്തിന് ഒരു വർഷം തികയുകയാണ്.

- തദ്ദേശ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന വോട്ടർ ബോധവത്കരണ പരിപാടി

  **ലീപ് കേരള**

  - വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന്റെ നടപടിക്രമങ്ങൾ, തിരഞ്ഞെടുപ്പ് പ്രക്രിയകൾ, വിവിധ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടികയുടെ വ്യത്യാസങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പ്രചാരണ മാണിത്.
  - കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവരെ പരമാവധി വോട്ടർപ്പട്ടികയിൽ ചേർക്കുക യാണ് ലക്ഷ്യം.

## Book & Author

- 'ഏറ്റവും പ്രിയപ്പെട്ട എന്നോട്' എന്ന പുസ്തകം എഴുതിയത്

  **നിമ്ന വിജയ്**

  - പ്രധാന കഥാപാത്രം - അഥിതി

## Banking

- **യു.പി.ഐ നിയമങ്ങളിൽ ആഗസ്റ്റ് മുതൽ മാറ്റങ്ങൾ**
  - ഗൂഗിൾ പേ, ഫോൺപേ, പേടിഎം പോലുള്ള തേർഡ് പാർട്ടി ആപ്പുകൾ വഴി അക്കൗണ്ട് ബാലൻസ് പരിശോധിക്കുന്നത് ദിവസം 50 തവണയായിരിക്കും.
  - ബിൽ പേയ്മെന്റ്, എസ്ഐപി പോലുള്ള ഓട്ടോമാറ്റിക് ഇടപാടുകൾക്ക് ദിവസം മൂന്നു ടൈം സ്ലോട്ടുകൾ നൽകും.
  - ഫോൺ നമ്പറുമായി ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഒരു യുപിഐ ആപ്പിൽ ദിവസം 25 തവണയിൽ കൂടുതൽ പരിശോധിക്കാൻ കഴിയില്ല.
  - ഇടപാട് പെൻഡിങ് എന്നു കണ്ടാൽ സ്റ്റാറ്റസ് പരമാവധി മൂന്ന് തവണ പരിശോധിക്കാം. ഒരു തവണ പരിശോധിച്ച് 90 സെക്കന്റ് കഴിഞ്ഞ് മാത്രമേ അടുത്ത റിക്വസ്റ്റ് നൽകാനാകൂ.

## National

- മൻസ ദേവി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്

  **ഹരിദ്വാർ** (ഉത്തരാഖണ്ഡ്)

  - അടുത്തിടെ ക്ഷേത്രത്തിലുണ്ടായ തിക്കിലും തിരക്കിലുംപെട്ട് നിരവധി പേർ മരിച്ചു.

- 2025 ജൂലൈയിൽ ജമ്മു കാശ്മീരിൽ ഇന്ത്യൻ സൈന്യം നടത്തിയ സൈനിക നടപടി

  **ഓപ്പറേഷൻ മഹാദേവ്**

  - ശ്രീനഗറിലെ മഹാദേവ് കൊടുമുടിയുടെ താഴ്വരയിൽ ഭീകരർ ഒളിച്ചിരിക്കുന്നു എന്നുള്ള വിവരത്തെ തുടർന്നാണ് നടപടി ആരംഭിച്ചത്.
  - ഇതിൽ പഹൽഗാം ആക്രമണത്തിന്റെ മുഖ്യ സൂത്രധാരൻ ഉൾപ്പെടെ മൂന്ന് ഭീകരരെ വധിച്ചു.

- ഇന്ത്യയുടെ നിലവിലെ രാഷ്ട്രപതി

  **ദ്രൗപതി മുർമു**

  - രാഷ്ട്രപതിയായി മൂന്ന് വർഷം പൂർത്തിയായി
  - പ്രതിഭ പാട്ടീലിന് ശേഷം രാഷ്ട്രപതിയായ വനിത
  - ഇന്ത്യൻ രാഷ്ട്രപതിയാകുന്നതിനു മുമ്പ് 2015 മുതൽ 2021 വരെ ഝാർഖണ്ഡ് ഗവർണറായിരുന്നു.

## Science & Technology

- അടുത്തിടെ ബാർബഡോസിൽ നിന്നും വീണ്ടും കണ്ടെത്തിയ ലോകത്തിലെ ഏറ്റവും ചെറിയ പാമ്പ്

  **ബാർബഡോസ് ത്രെഡ്സ്നേക്ക്**

  - പൂർണമായും വംശനാശം സംഭവിച്ചു എന്ന് കരുതിയ പാമ്പിനമാണിത്. 20 വർഷങ്ങൾക്ക് ശേഷമാണ് കണ്ടെത്തിയത്.

## Space

- 2025 ജൂലൈയിൽ ഇറാൻ വിക്ഷേപിച്ച ടെലികോം സാറ്റ്ലൈറ്റ്

  **Nahid - 2**

  - റഷ്യൻ സോയൂസ് റോക്കറ്റിലാണ് വിക്ഷേപിച്ചത്.

## Sports

- വനിതാ ചെസ് ലോകകപ്പ് നേടുന്ന ആദ്യ ഇന്ത്യക്കാരി

  **ദിവ്യാ ദേശ്മുഖ്**

  - 2025 വനിതാ ഫിഡെ ചെസ് ലോകകപ്പിൽ ഇന്ത്യൻ താരം കൊനേരു ഹംപിയേ കീഴടക്കി.
  - വനിതാ ചെസ് ലോകകപ്പ് ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ താരമാണ് ദിവ്യാ ദേശ്മുഖ് (ചൈനീസ് താരം ടാൻസോംഗിയെ പരാജയപ്പെടുത്തി)
  - വനിതാ ചെസ് ലോകകപ്പ് സെമി ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ താരം- **കൊനേരു ഹംപി**
  - ഇന്ത്യയുടെ 88-ാമത് ഗ്രാന്റ്മാസ്റ്റർ
  - ഇന്ത്യയുടെ 4-ാമത് വനിതാ ഗ്രാന്റ്മാസ്റ്റർ (കൊനേരു ഹംപി, ആർ. വൈശാലി, ഹരിക ദ്രോണവല്ലി മുൻപ് ഈ പദവി നേടിയത്)
  - മഹാരാഷ്ട്രയിലെ നാഗ്പൂരിൽ ജനനം
  - 2024 ചെസ് ഒളിമ്പ്യാഡ് സ്വർണം (വ്യക്തിഗതം), 2024 ചെസ് ഒളിമ്പ്യാഡ് സ്വർണം (ടീം), വനിത ചെസ് ഒളിമ്പ്യാഡ് 2022 വെങ്കലം, കോമൺവെൽത്ത് ചാമ്പ്യൻഷിപ്പ് 2019 സ്വർണം എന്നീ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.
  - 2025 വനിത ചെസ് ലോകകപ്പിന്റെ വേദി – **ജോർജിയ**

- 2025 ബെൽജിയം ഫോർമുല വൺ ഗ്രാന്റ്പ്രിക്സിൽ ജേതാവായത്

**ഓസ്കാർ പിയാസ്ട്രി**

  - രണ്ടാം സ്ഥാനം - **ലാൻഡോ നോറിസ്**

## Today's MCQ

1. 16-ാമത് ജെ.സി. ഡാനിയൽ ഫൗണ്ടേഷൻ ചലച്ചിത്ര പുരസ്കാരത്തിൽ മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടത്

   (a) ബേസിൽ ജോസഫ് (b) മോഹൻലാൽ

   (c) ടൊവിനോ തോമസ് (d) ആസിഫ് അലി

2. 2025-ൽ PEN ട്രാൻസലേറ്റ്സ് അവാർഡിന് അർഹമായ ഗീതാഞ്ജലിശ്രീയുടെ പുസ്തകം

   (a) Once Elephants Lived Here (b) Tomb of Sand

   (c) The Empty Space (d) Between Two Worlds

**Ans : 1 (d), 2 (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
31



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

7845 89 44 92
8590 57 5710

# DAILY CURRENT AFFAIRS
# STUDY NOTES 31.07.2025

## Books & Authors

- 'The Loneliness of Sonia and Sunny' എന്ന നോവൽ രചിച്ചത്

  **കിരൺ ദേശായ്**

  - ഈ പുസ്തകം 2025-ലെ ബുക്കർ പ്രൈസിനുള്ള ലോങ് ലിസ്റ്റിൽ ഇടം നേടി.
  - 2006-ൽ 'The Inheritance of Loss' എന്ന പുസ്തകത്തിന് കിരൺ ദേശായ്ക്ക് ബുക്കർ സമ്മാനം ലഭിച്ചിരുന്നു.
  - 2024 ബുക്കർ പ്രൈസ് നേടിയത് - **സാമന്ത ഹാർവേ** (കൃതി - **ഓർബിറ്റൽ**)

- ബ്രേക്കിങ് ഇന്ത്യ എന്ന പുസ്തകം രചിച്ചത്

  **രാജീവ് മൽഹോത്ര & അരവിന്ദൻ നീലകണ്ഠൻ**

  - പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

## Awards

- 2025-ൽ മാറ്റി ഡോഗൺ പുരസ്കാരത്തിന് അർഹയായത്

  **കെ.ജി. സന്ധ്യ**

  - ജനസംഖ്യ ശാസ്ത്ര ഗവേഷണത്തിന് ഇന്റർനാഷണൽ യൂണിയൻ ഫോർ ദ സയന്റിഫിക് സ്റ്റഡി ഓഫ് പോപ്പുലേഷൻ നൽകുന്ന പുരസ്കാരം.
  - സമ്മാനത്തുക - **3500 ഡോളർ**
  - ഈ പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരി

- 2025-ൽ ബുക്ക് ബ്രഹ്മ സാഹിത്യ പുരസ്കാരം നേടിയത്

  **കെ.ആർ. മീര**

  - ബുക്ക് ബ്രഹ്മ ഫൗണ്ടേഷൻ നൽകുന്ന പുരസ്കാരമാണിത്.
  - സമ്മാനത്തുക - **2 ലക്ഷം രൂപ**
  - ദക്ഷിണേന്ത്യൻ സാഹിത്യത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം
  - 2024-ലെ പുരസ്കാരം - **ബി. ജയമോഹൻ** (പ്രഥമ പുരസ്കാരം)

## National

- ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം കടുവ സാന്ദ്രതയിൽ മൂന്നാം സ്ഥാനത്തുള്ള ടൈഗർ റിസർവ്

  **കാസിരംഗ ടൈഗർ റിസർവ്** (അസം)

  - ബന്ദിപ്പൂർ (കർണാടക), കോർബറ്റ് (ഉത്തരാഖണ്ഡ്) എന്നീ ടൈഗർ റിസർവുകളാണ് ഏറ്റവും മുന്നിലുള്ളത്.
  - 'Status of Tigers in kaziranga 2024' എന്ന റിപ്പോർട്ട് പ്രകാരമാണ് ഇത്.
  - ഏറ്റവും കൂടുതൽ കടുവകളുള്ളത് - **ജിം കോർബറ്റ് ടൈഗർ റിസർവ്**

    (2022-ലെ ടൈഗർ സെൻസസ് പ്രകാരം)

- അടുത്തിടെ 'കാർഗിൽ ശൗര്യ വാടിക' സ്ഥാപിച്ച സംസ്ഥാന നിയമസഭ

  **രാജസ്ഥാൻ**

  - കാർഗിൽ യുദ്ധത്തിൽ മരണപ്പെട്ട സൈനികരോടുള്ള ആദര സൂചകമായിട്ടാണ് നിർമ്മിച്ചത്

- അടുത്തിടെ ലാഡോ സഖീ യോജന ആരംഭിച്ച സംസ്ഥാനം

  **ഹരിയാന**

## Sports

- ഇന്ത്യൻ ഹോക്കി ഫെഡറേഷൻ സ്ഥാപിതമായത്

  **1925**

  - 2025-ൽ 100-ാം വാർഷികം ആചരിക്കുന്നു
  - 15-ാമത് ഹോക്കി ഇന്ത്യ കോൺഗ്രസ് വേദി - **മഹാബലിപുരം**

## Demise

- 2025 ജൂലൈയിൽ അന്തരിച്ച പ്രമുഖ സാമ്പത്തിക വിദഗ്ധനും എഴുത്തുകാരനും ചിന്തകനുമായ വ്യക്തി

  **മേഘ്നാഥ് ദേശായ്**

  - 2008-ൽ പത്മഭൂഷൺ ലഭിച്ചു

## Today's MCQ

1. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരെ സംസ്കരിച്ച പുത്തുമലയിലെ ശ്മശാനഭൂമിക്ക് നൽകിയ പേര്

   (a) ജൂലൈ 30 ചൂരൽമല (b) ജൂലൈ 30 ഹൃദയഭൂമി

   (c) ജൂലൈ 30 സ്നേഹഭൂമി (d) ജൂലൈ 30 ധീരഭൂമി

2. തദ്ദേശ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന വോട്ടർ ബോധവത്കരണ പരിപാടി

   (a) വോട്ട് കേരള (b) ഇലക്ഷൻ കേരള

   (c) ലീപ് കേരള (d) വോട്ട് ഫോർ കേരള

**Ans : 1 (b), 2 (c)**